## അടിയന്തര പ്രമേയം

മി. സ്പീക്കർ: കേന്ദ്ര ഗവൺമെന്റിന്റെയും ഗാഡ്ഗിൽ, കസ്തൂരി രംഗൻ കമ്മിറ്റികളുടെയും മുമ്പാകെ സംസ്ഥാന താൽപ്പര്യങ്ങൾ വസ്തു നിഷ്ഠവും കാര്യകാരണ സഹിതവും യഥാസമയം അവതരിപ്പിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതിലും കേന്ദ്ര ഗവൺമെന്റ് നിസ്സംഗത തുടരുന്നതിലും മലയോര മേഖലയിലെ ജനങ്ങളാകെ ആശങ്കയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. കെ. ജയചന്ദ്രൻ, വി. എസ്. സുനിൽകുമാർ, മാത്യൂ. ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിരിക്കുന്നു. ഈ അടിയന്തര പ്രമേയം മാർക്ക് ചെയ്തിരിക്കുന്നത് മുഖ്യമന്ത്രിക്കാണ്. ഈ വകുപ്പിന്റെ ചാർജ്ജ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്, അദ്ദേഹം സംസാരിക്കുന്നതാണ്.

## കസ്തൂരിരംഗൻ റിപ്പോർട്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സിനിമയും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ലോകത്തെ 8 അതീവ ജൈവ വൈവിദ്ധ്യമേഖലകളിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് നമ്മുടെ പശ്ചിമഘട്ട മലനിരകൾ. ഭാരതത്തിലെ ആകെയുള്ള സ്പീഷീസുകളിൽ 27% പശ്ചിമഘട്ടത്തിൽ കാണുന്നുവെന്നുള്ളതാണ് ശാസ്ത്രീയമായ കണക്കുകൾ കാണിക്കുന്നത്. അതുകൊണ്ട് ആ സ്ഥലത്തിന്റെ പ്രാധാന്യം എല്ലാ സമൂഹവും ഒരുപോലെ അംഗീകരിക്കുന്നതാണ്. അതേസമയംതന്നെ,

തലമുറകളായി കൃഷിയും മറ്റ് തൊഴിലുകളും ഉപജീവനമാക്കിയ സാമാന്യ ജനങ്ങളും അവിടെയുണ്ട്. അവരെ ദോഷകരമായി ബാധിക്കുന്ന രൂപത്തിൽ ഒരു കാരണവശാലും ഗവൺമെന്റിനോ ഒരു ജനപ്രതിനിധിക്കോ തീരുമാന മെടുക്കാൻ കഴിയില്ല. അങ്ങിവിടെ വായിച്ച ഈ അടിയന്തരപ്രമേയ നോട്ടീ സിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരു ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടി സ്ഥാനത്തിൽ ഉണ്ടായ ചില സംഭവവികാസങ്ങളുടെ പരിണിതഫലമാണ്. ഏറ്റവും അവസാനമായി, 20.12.2013-ൽ ഇറക്കിയ ഓഫീസ് മെമ്മോറാണ്ട ത്തിൽ ഇതിനുമുമ്പ് പറഞ്ഞിരിക്കുന്ന ഓഫീസ് മെമ്മോറാണ്ടങ്ങളെല്ലാം അസാധുവാണ് എന്ന് പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ളത് "This O.M. supercedes all other O.Ms. issued earlier on the subject." എന്നാണ്. അതിനാൽ, ഏറ്റവും അവസാനമായി ഇറക്കിയിട്ടുള്ള ഓഫീസ് മെമ്മോറാണ്ട മാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്. ആ ഓഫീസ് മെമ്മോറാണ്ട ത്തിൽത്തന്നെ "It is clarified that, the Final Notification will be issued after the boundary of the ESA has been fine tuned after receiving inputs from the stakeholders/State Governments. Further, State Governments may suggest modifications based upon physical verification." എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവർ പറയുന്നത് ഫിസിക്കൽ വെരിഫിക്കേഷൻ വളരെ അത്യാവശ്യമാണ് എന്നുള്ളതാണ്. ഈ ഓഫീസ് മെമ്മോറാണ്ടം നിലവിൽ വന്നപ്പോൾ സമൂഹത്തിൽ വളരെ ആശങ്കകളുമുണ്ടായി. ഈ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയപ്പോൾ ശ്രീ. കെ. കെ. ജയചന്ദ്രനും അദ്ദേഹ ത്തോടൊപ്പമുള്ള ആളുകളും സൂചിപ്പിച്ചിട്ടുള്ളതുപോലെതന്നെ അവിടെ സമര

ങ്ങളും ജനങ്ങളിൽ വലിയ ഭയാശങ്കകളും ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉമ്മൻ വി. ഉമ്മൻ ചെയർമാനും ശ്രീ. രാജശേഖരൻ പിള്ള, ശ്രീ. പി. സി. സിറിയക്ക് എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റിയെ ഗവൺമെന്റിനെ ഇക്കാര്യത്തിൽ ഉപദേശിക്കുന്നതിനുവേണ്ടി നിയോഗിക്കുകയുണ്ടായി. ആ കമ്മിറ്റി ഈ പ്രദേശങ്ങൾ സന്ദർശിച്ചതിനുശേഷം 24 നിർദ്ദേശങ്ങളടങ്ങുന്ന ഒരു റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഒരു കാര്യം വളരെ കൃത്യമായി അന്നുമിന്നും ആവർത്തിച്ചു പറയുകയാണ് – ഇന്നലെ മുഖ്യമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നതാണ് – കർഷക താൽപ്പര്യങ്ങൾ പൂർണ്ണമായും പരിരക്ഷിക്കും. അതിന് ഗവൺമെന്റിന്റേതായ വാദഗതികളും ഈ നിയമസഭ തന്നെ പല ഘട്ടങ്ങളായി എടുത്ത തീരുമാനങ്ങളുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കർഷകതാൽപ്പര്യങ്ങൾ പൂർണ്ണമായി പരിരക്ഷിച്ചുകൊണ്ടു പോകുമെന്നുള്ളതാണ് ഗവൺമെന്റ് എടുത്തിരിക്കുന്ന പൊതുവായ സമീപനം. അതുകൊണ്ട് ആ താൽപ്പര്യങ്ങളായിരിക്കും ഗവൺമെന്റ് പരിഗണിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മുമ്പോട്ടുപോകും. ഇനി ശ്രീ. കെ. കെ. ജയചന്ദ്രൻ സംസാരിച്ചതിനുശേഷം ഗവൺമെന്റിന് ഇതിനെ സംബന്ധിച്ച് അവസാനമായി പറയാനുള്ള കാര്യങ്ങൾ കൂടി സൂചിപ്പിക്കാം.

ശ്രീ. കെ. കെ. ജയചന്ദ്രൻ): സർ, അങ്ങ് ഇവിടെ അടിയന്തര പ്രമേയത്തിന് നൽകിയ വിശദീകരണം പരിശോധിക്കുമ്പോൾ, വേണ്ടത്ര ഗൗരവത്തിലും ജനങ്ങളുടെ ആശങ്കയകറ്റാൻ കഴിയുന്ന തരത്തിലുമല്ല, വളരെ ലാഘവത്തോടുകൂടിയാണ് ഗവൺമെന്റ് ഈ പ്രശ്നത്തെ സമീപിച്ചുകൊണ്ടി

രിക്കുന്നതെന്നാണ് മനസ്സിലാകുന്നത്. അത് സംബന്ധിച്ച വിശദാംശങ്ങളി ലേയ്ക്ക് കടക്കുന്നതിനുമുമ്പായി പറയട്ടെ, കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പി ലാക്കിയാൽ നമ്മുടെ സംസ്ഥാനത്തിന്റെ മലയോര ജില്ലകളിൽ നൂറ്റാണ്ടുക ളായി കൃഷിചെയ്ത് ജീവിച്ചുവരുന്ന 22 ലക്ഷത്തിലധികം ജനങ്ങളുടെ ജീവി തത്തെയും ജീവനോപാധികളെയും തകർത്ത് തരിപ്പണമാക്കുമെന്നുള്ള കാര്യ ത്തിൽ യാതൊരു സംശയവുമില്ല. ഈ റിപ്പോർട്ട് അതേപടി നടപ്പിലാക്കി യാൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ പൂർണ്ണമായും ആലപ്പുഴ ജില്ല ഒഴിച്ചുള്ള ജില്ലകളിലെ ഏതാണ്ട് ഇരുന്നൂറ്റിയമ്പതോളം വില്ലേജുകളിലെ ജന ജീവിതവും അസാദ്ധ്യമാകും. പശ്ചിമഘട്ട ഭൂപ്രദേശത്ത് ലോക പൈതൃക സംഘടനകളുടെ നിബന്ധനകൾ എങ്ങനെ നടപ്പിലാക്കാമെന്ന് പഠിച്ച് നിർദ്ദേ ശങ്ങൾ സമർപ്പിക്കുന്നതിനാണ് 2010-ൽ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ കമ്മിറ്റിയെ നിയമിച്ചത്. അപ്പുറത്തുനിന്ന് ഇന്നലെ സംസാരിച്ചപ്പോൾ പാരി സ്ഥിതിക സംരക്ഷണത്തിൽ നമ്മൾ എന്തോ കുഴപ്പംകാണിക്കുന്നുവെന്ന നില യിലുള്ള ചില പരാമർശങ്ങൾ വന്നതുകൊണ്ടാണ് ചില വിശദീകരണങ്ങൾ ആവശ്യമായി വരുന്നത്. 2011-ലാണ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചത്. സമിതി റിപ്പോർട്ട് തയ്യാറാക്കിയത് ജനപ്രതിനിധി കളുമായോ കർഷക സംഘടനകളുമായോ ചർച്ച ചെയ്യാതെയും ഭൂപ്രദേശ ങ്ങൾ സന്ദർശിച്ച് നിലവിലുള്ള സ്ഥിതി മനസ്സിലാക്കാതെയുമാണ്. അതു കൊണ്ട് ഇതിന്റെ ഭാഗമായി അവർ നൽകിയ റിപ്പോർട്ടിൽ പ്രൊട്ടക്റ്റഡ് ഏരിയ, സോൺ I, സോൺ II എന്നിങ്ങനെ 3 ഗണങ്ങളായി തിരിച്ച് ഏതാണ്ട് 450 പഞ്ചായത്തുകൾ വരുന്ന പ്രദേശമാണ് ആദ്യം പ്രഖ്യാപിച്ചിരുന്നത്. ഈ റിപ്പോർട്ട് അംഗീകരിക്കുന്നതിനുമുമ്പ് പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ

പരിസ്ഥിതി പ്രവർത്തകരുടെയും എം.പി.മാരുടെയും ഒരു യോഗം ചേർന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ എം.പി.മാരിൽ ചിലരും പരിസ്ഥിതി പ്രവർത്തകരും മാത്രമാണ് ഈ റിപ്പോർട്ട് അംഗീകരിക്കുന്ന വിവരം അറിയുന്നത്. പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കാതെ ഇംഗ്ലീഷിൽ മാത്രമാണ് ഇത് പ്രസിദ്ധീകരിച്ചത്. വെബ്സൈറ്റിൽ നിന്നും കണ്ടെടുത്ത റിപ്പോർട്ടിലെ ജനവിരുദ്ധ സമീപനത്തിനെതിരായി ജനങ്ങൾ സമര രംഗത്ത് വന്നപ്പോഴാണ്, ഈ റിപ്പോർട്ട് പരിശോധിച്ച് വലിയ കുഴപ്പമാണ്, ജനങ്ങൾ ഒരു തരത്തിലും അംഗീകരിക്കില്ലെന്ന് മനസ്സിലായതോടെയാണ് ഇത് നടപ്പിലാക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കസ്തൂരി രംഗനെ ചുമതലപ്പെടുത്തുന്നത്. ശ്രീ. കസ്തൂരി രംഗൻ പശ്ചിമഘട്ട ഭൂപ്രദേശത്തെ രണ്ടായി വിഭജിച്ച് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഹൈറേഞ്ച് നിവാസികളെന്തോ വലിയ കുഴപ്പം കാണിച്ചുകൊണ്ടിരിക്കുന്നവരാണ്, അവർ വനങ്ങൾ കയ്യേറുന്നവരാണ് എന്ന് തോന്നാവുന്ന രൂപത്തിലാണ് ഇവിടെ ചിലർ സംസാരിക്കുന്നത്. ഹൈ ലെവൽ വർക്കിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ടിന്റെ 13-ാം പേജിൽ ഇത് വ്യക്തമാക്കുന്നുണ്ട് - "പശ്ചിമഘട്ടത്തെ രണ്ടായി വർഗ്ഗീകരിച്ചിരിക്കുന്നു. ഒന്ന്, പ്രകൃതിയുമായുള്ള പശ്ചിമഘട്ട ഭൂപ്രദേശങ്ങൾ - 40 ശതമാനം രണ്ടാമത്, സാംസ്കാരിക പശ്ചിമഘട്ട പ്രദേശങ്ങൾ - 60 ശതമാനം. ഈ 60 ശതമാനത്തിൽ മനുഷ്യവാസമുള്ള പ്രദേശങ്ങൾ, കൃഷിത്തോട്ടങ്ങൾ, പ്ലാന്റേഷനുകൾ തുടങ്ങിയവയാണ്. ഏറെ ജൈവ സമ്പുഷ്ടമായവയും വിഭജിക്കപ്പെടാത്തതും കുറഞ്ഞ ജനസാന്ദ്രതയുള്ളതും സംരക്ഷിത വനങ്ങളും ലോക പൈതൃക കേന്ദ്രങ്ങളുള്ളതും ആനകളും കടുവകളും സഞ്ചരിക്കുന്ന വന ഇട

നാഴികളുള്ളതുമായ പശ്ചിമഘട്ടത്തിന്റെ 37 ശതമാനത്തെ മാത്രമാണ് പരിസ്ഥിതി ദുർബലപ്രദേശമായി കണ്ടെത്തിയിട്ടുള്ളത്." ഇതാണ് പ്രഖ്യാപിച്ചിരിക്കുന്നത്. എന്നുപറഞ്ഞാൽ രാജാക്കാട്, രാജകുമാരി, ശാന്തംപാറ മുതൽ കേരളത്തിന്റെ ഹൈറേഞ്ച് മേഖലയാകെ ആനയും കാട്ടുപോത്തും കാണ്ടാമൃഗവുമൊക്കെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങൾ മാത്രമാണ് ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നതെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. അതാണ് വലിയ ഗൗരമായ പ്രശ്നം. അതുപോലതന്നെ ഇതിന്റെ സംരക്ഷണം ആർക്കാണെന്ന് ഈ റിപ്പോർട്ടിന്റെ 11–ാം പേജിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. "പശ്ചിമഘട്ട ഉന്നത സമിതിയുടെ ശുപാർശ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി ദുർബലപ്രദേശങ്ങൾ നോട്ടിഫൈ ചെയ്യേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച നോട്ടിഫിക്കേഷനുകളും നിയന്ത്രണങ്ങളും നടത്തേണ്ടതിന്റെ പൂർണ്ണമായ ഉത്തരവാദിത്വവും ഇവർക്കായിരിക്കും". എന്നുപറഞ്ഞാൽ വനം വകുപ്പാണ് ഈ പ്രശ്നങ്ങളാകെ കൈകാര്യം ചെയ്യുന്നതെന്ന് ചുരുക്കം. ഈ റിപ്പോർട്ട് നടപ്പാക്കിയാൽ എന്തെങ്കിലും സംഭവിക്കുമോ? അഭ്യൂഹങ്ങളാണ് കൂടുതലും പരന്നുകൊണ്ടിരിക്കുന്നത്. അതിലെ 4–ാം പേജ് മുതൽ 32 കാര്യങ്ങളാണ് പ്രധാനമായും ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

ഇതിൽ നാലാമതായി ഒരു കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിച്ചിരിക്കുന്നു – "പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ ഒരു നിരോധന നിയന്ത്രണ സംവിധാനത്തിന് രൂപം നൽകുക, പരിസ്ഥിതി ആഘാതം നിർണ്ണയിക്കുന്ന Environment impact Assessment Agency സൂക്ഷ്മപരിശോധനയ്ക്ക് ശേഷം മാത്രമേ ഈ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് ക്ലിയ

റൻസ് നൽകാൻ പാടുള്ളൂ. " ഒമ്പതാമതായി പറഞ്ഞിരിക്കുന്ന കാര്യം, "20000 ചതുരശ്ര മീറ്ററിലേറെ വ്യാപ്തിയുള്ള കെട്ടിടങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും അനുവദിക്കരുത്. പുതിയ ടൗൺഷിപ്പുകളും പ്രദേശ വികസന പദ്ധതികളും നിരോധിക്കണം" എന്നാണ്. കേൾക്കുമ്പോൾ ഇത് സാരമില്ലാത്ത ഒരു കാര്യമാണല്ലോ എന്നുതോന്നും. പക്ഷേ അത് പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് എല്ലാ അടിസ്ഥാനസൗകര്യ വികസന പദ്ധതികളും പ്രോജക്ടുകളും ഇ.ഐ.എ. നോട്ടിഫിക്കേഷൻ 2006 കാറ്റഗറി "എ" പ്രോജക്ടുകൾ അനുശാസിക്കും വിധമുള്ള പരിസ്ഥിതി ക്ലിയറൻസ് നേടിയിരിക്കണം എന്നാണ്. സാധാരണ പ്രവർത്തനങ്ങൾക്കുപോലും അത് ആവശ്യമായി വരുമെന്നർത്ഥം. അതോടൊപ്പംതന്നെ 12-ാമത്തേതായി പറയുന്നത്, ഇതിന്റെ അതിർത്തിയിൽ നിന്നും 10 കി.മീ. സംരക്ഷിത മേഖലയാണ് – "പശ്ചിമഘട്ട പരിസ്ഥിതിലോല പ്രദേശങ്ങൾക്ക് 10 കി.മീ. പരിധിയിൽ വരുന്ന പരിസ്ഥിതി ക്ലിയറൻസ് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഇ.ഐ.എ. നോട്ടിഫിക്കേഷൻ, ഇ.ഐ.എ. ക്ലിയറൻസ് എന്നിവയ്ക്ക് വിധേയമായിരിക്കും." 15-മതായി പറയുന്നത് ഗ്രാമസഭകളുടെ പ്രവർത്തന അധികാരത്തെ തീർത്തും ഇല്ലാതാക്കുന്നതാണ്. "പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിലെ പദ്ധതികൾക്കെല്ലാം ഗ്രാമസഭയുടെ മുൻകൂട്ടിയുള്ള അനുമതിയും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും നേടിയിരിക്കണം. അതേസമയം വനാവകാശ ചട്ടവും കർശനമായി പാലിക്കണം. " അതിനർത്ഥം ഇവർ തീരുമാനമെടുക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ലായെന്നാണ്. ഈ പ്രദേശമാകെ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ വരുന്നതോടുകൂടി ഇടുക്കി, വയനാട് ജില്ലകളിലെ ഭൂരിപക്ഷം പ്രദേശങ്ങളിലെയും ആദിവാസി കാർഷിക മേഖല

കളിലെയും ജനങ്ങളുടെ ജീവിതം അസാധ്യമാക്കിത്തീർക്കുന്നതാണ്. കസ്തൂരി രംഗൻ റിപ്പോർട്ട് കാർഷിക, തോട്ടം മേഖലയേയും ജനവാസ കേന്ദ്രങ്ങളേയും ബാധിക്കാത്ത നിലയിൽ നടപ്പാക്കണമെന്നും അതിനനുസ രിച്ച് ഗവൺമെന്റ് ശക്തിയായി ഇടപെടണമെന്നും ഈ സഭതന്നെ തീരുമാനി ച്ചിരുന്നു. അങ്ങനെ ഒരു തരത്തിലുള്ള ഇടപെടലും ഗവൺമെന്റ് നടത്തിയില്ല. അതുകൊണ്ടാണ് ഇത്തരമൊരു സ്ഥിതി ഉണ്ടായത്. സഭ ഏകകണ്ഠമായി ട്ടാണ് അത് തീരുമാനിച്ചത്. പരിസ്ഥിതി സംരക്ഷണത്തെ ഞങ്ങളാരും എതിർക്കുന്നില്ല. ജനങ്ങളെക്കൂടി അംഗീകരിച്ചുകൊണ്ടും ജനങ്ങളുടെ ജീവി തവുംകൂടി കണക്കിലെടുത്തുകൊണ്ടുമായിരിക്കണം പരിസ്ഥിതി സംരക്ഷണം നടപ്പിലാക്കേണ്ടത്. അതല്ലാതെ ജനങ്ങളെ മറന്നുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഇവിടെ ജനകീയ പ്രക്ഷോഭം ശക്തിയായി വന്നതുകൊണ്ടാണ് ജനങ്ങളെ ഇത് എ ങ്ങനെ ബാധിക്കുമെന്ന് റിപ്പോർട്ട് സമർപ്പിക്കാൻവേണ്ടി ശ്രീ. ഉമ്മൻ വി. ഉമ്മൻ ചെയർമാനായ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. ഈ റിപ്പോർട്ടി നെക്കുറിച്ച് എടുത്തുപറയേണ്ട ഒരു കാര്യമെന്നുപറയുന്നത്, ഇത് നമ്മുടെ നാട്ടിലെ പാവപ്പെട്ട ആളുകളേയും സാധാരണ ആളുകളേയുമെല്ലാം പറ്റി ക്കാൻ കഴിയുന്ന രൂപത്തിലുള്ളതാണ്. 2001–ൽ പശ്ചിമഘട്ട ഭൂപ്രദേശം അതീവ പാരിസ്ഥിതിക ദുർബല പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 2005–ൽ കേന്ദ്ര ഗവൺമെന്റ് ഒരു അപേക്ഷ ഐക്യരാഷ്ട്ര സഭയ്ക്ക് നൽകിയിട്ടുണ്ട്. ഈ പ്രദേശങ്ങളെ ലോക പൈതൃക സംഘടനയുടെ ഭാഗമാക്കണമെന്ന ആവ ശ്യമാണ് ആ അപേക്ഷയിലുള്ളത്. അതിനെയല്ല ഞാനെതിർക്കുന്നത്.

2009–ൽ പാരീസിൽ ചേർന്ന ലോക പാരിസ്ഥിതിക പൈതൃക സംഘടന ഇന്ത്യാ ഗവൺമെന്റിന്റെ അപേക്ഷ പരിഗണിച്ച് പശ്ചിമഘട്ട ഭൂപ്രദേശങ്ങളെ ലോകപൈതൃക സംഘടനയുടെ ഭാഗമാക്കി. അതിനുശേഷം 2010–ൽ ലോക പൈതൃക സംഘടന പാരിസ്ഥിതിക ലോലപ്രദേശങ്ങളിൽ എന്ത് പ്രവർത്തനമാണ് പ്രായോഗികമായി നടപ്പിലാക്കിയിരിക്കുന്നത് എന്ന് ഇന്ത്യാ ഗവൺമെന്റിനോട് ചോദിച്ചപ്പോഴാണ് ഇത് നടപ്പിലാക്കുന്നതെങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഇന്ത്യാ ഗവൺമെന്റ് ഗാഡ്ഗിൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. അവർ ഈ റിപ്പോർട്ട് തയ്യാറാക്കുന്ന സമയത്ത് ആരുമായും ആലോചിച്ചില്ല. അവർ പ്രൊട്ടക്ടഡ് ഏരിയ, സോൺ 1, സോൺ 2 എന്നിങ്ങനെ 450 പഞ്ചായത്തുകൾ ഉൾപ്പെടുന്ന നിലയിലുള്ളൊരു റിപ്പോർട്ട് സമർപ്പിച്ചു. ഇത്തരമൊരു ഗൗരവമായ പ്രശ്നം ഉയർന്നുവന്നപ്പോൾ സ്വാഭാവികമായും നാട്ടിൽ സമരങ്ങളും പ്രക്ഷോഭങ്ങളുമുണ്ടായി. ആ സമരങ്ങളോടും പ്രക്ഷോഭങ്ങളോടും എന്തായിരുന്നു ഈ ഗവൺമെന്റിന്റെ സമീപനം എന്നുള്ളതാണ് വളരെ പ്രധാനം. ഗവൺമെന്റിന്റെ സമീപനം പരിശോധിക്കുമ്പോൾ ......

മി. സ്പീക്കർ: ശ്രീ. കെ.കെ. ജയചന്ദ്രൻ, 11 മിനിട്ടായി.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, താമരശ്ശേരിയിൽ അതുമായി ബന്ധപ്പെട്ട് വലിയ പ്രക്ഷോഭങ്ങളുണ്ടായി., സമരങ്ങളുണ്ടായി. അതിനെ ഏതു രൂപത്തിലാണ് ഗവൺമെന്റ് നേരിട്ടത്? ലാത്തിച്ചാർജ് ചെയ്തും കേസെടുത്തും സമരത്തെ അടിച്ചമർത്തുകയാണ് ചെയ്തത്. കണ്ണൂരിലെ കുട്ടിയൂരിൽ ആളുകളെ അറസ്റ്റുചെയ്ത് ജയിലിലടച്ചിരിക്കുകയാണ്. അവർക്ക് ജാമ്യം കിട്ടണമെങ്കിൽ 3 കോടി രൂപ കെട്ടിവയ്ക്കണം. സമരം നടത്തുന്നവരെ അവഹേളി

ക്കുക എന്നുള്ളത് ഈ ഗവൺമെന്റും ഇതിന്റെ പ്രതിനിധികളും വച്ചുപൊറുപ്പിക്കുന്ന പരിപാടിയാണ്. പ്രതിപക്ഷം മാത്രമല്ല ഭരണകക്ഷികളും ചേർന്നുള്ളൊരു സമരം നടത്തുന്നുണ്ട്. അതിൽ ബഷപ്പടക്കമുള്ള സഭയുടെ നേതാക്കന്മാരുണ്ട്, ഹൈറേഞ്ച് സംരക്ഷണ സമിതിയുണ്ട്. അങ്ങനെ എല്ലാവിഭാഗം ജനങ്ങളും സമര രംഗത്താണ്. ഇവിടെ ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കാൻ വേണ്ടി മനപ്പൂർവ്വം പ്രചരണവേല നടത്തുകയാണെന്നാണ് ആ സമരത്തെക്കുറിച്ച് ആക്ഷേപം പ്രചരിപ്പിക്കുന്നത്. ഈ റിപ്പോർട്ട് നടപ്പിലാക്കണമെന്നാണ് കോൺഗ്രസ്സിലെ നേതാക്കന്മാരിൽ ഒരുവിഭാഗത്തിന്റെ അഭിപ്രായം. ഞങ്ങളുടെ എം.പി. ശ്രീ. പി. ടി. തോമസിന്റേയും അഭിപ്രായം അതാണ്, അദ്ദേഹം അവിടെ സെമിനാർ വിളിച്ചുചേർത്തിട്ടുണ്ട്. സമരം ചെയ്യുന്നവർ ക്വാറി മുതലാളിമാരിൽനിന്നും മണൽ മാഫിയായിൽ നിന്നും പണം കൈപ്പറ്റിയാണ് സമരം നടത്തുന്നതെന്ന് ആക്ഷേപം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ശരിയായ കാര്യമാണോ? ജനങ്ങളുടെ മുമ്പിൽ ഒരു നിലയിലും പിടിച്ചുനിൽക്കാൻ കഴിയാത്ത ഒരവസ്ഥ വന്നപ്പോഴാണ് ഉമ്മൻ വി. ഉമ്മനെ നിയമിക്കാൻ തീരുമാനിക്കുന്നത്. അതാണ് സത്യം. അദ്ദേഹത്തിന്റെ റിപ്പോർട്ടിലെ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ, ആ റിപ്പോർട്ടുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുമോ? ഇല്ല. കാരണം, 2013-ലെ റിപ്പോർട്ട് നിലനിൽക്കുകയാണ്. 2013-ലെ വനം പരിസ്ഥിതി നിയമത്തിന്റെ 5-ാം സെക്ഷൻ അനുസരിച്ചാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. 20-12-2013-ലെ ഓഫീസ് മെമ്മോറാണ്ടം പിൻവലിച്ചതുകൊണ്ട് ഈ പ്രശ്നം ഇല്ലാതാകുന്നില്ല. ഗവൺമെന്റ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഇന്നലെ സുപ്രീംകോടതിയുടെ വിധി വന്നിട്ടുണ്ട്. പരിസ്ഥിതി അനുമതി

ക്കുള്ള അപേക്ഷകൾ സ്വതന്ത്രവും വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ പരിശോധിച്ച് തീർപ്പാക്കുന്നതിന് ഒരു ദേശീയ റെഗുലേറ്ററെ തീരുമാനിക്കണമെന്നാണ് സുപ്രീം കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്. ദേശീയ റെഗുലേറ്ററെ നിയമിക്കാൻ കേന്ദ്ര സർക്കാരിന് സുപ്രീംകോടതി നിർദ്ദേശം കൊടുത്തു. മാർച്ച് മാസം 31–ാം തീയതിക്കകം റെഗുലേറ്ററെ നിയമിച്ച് സംസ്ഥാനങ്ങളിൽ ഓഫീസുകൾ സ്ഥാപിച്ച് വിജ്ഞാപനമിറക്കാനാണ് പറഞ്ഞിരിക്കുന്നത്. ഈ വിധി വന്നതോടുകൂടി ഉമ്മൻ വി. ഉമ്മന്റെ റിപ്പോർട്ടു കൊണ്ട് എന്താണ് സാധിക്കുന്നത്? ഒന്നും സാധിക്കില്ല. കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റേയും അതിന്മേലുള്ള അധികാരം പോകുകയാണ്. അതുമാത്രവുമല്ല തെരഞ്ഞെടുപ്പുവരാൻ പോവുകയാണ്. ഇപ്പോൾ രണ്ടുമാസമാണല്ലോ കാലാവധി പറഞ്ഞിരിക്കുന്നത്. രണ്ടു മാസം കഴിയുമ്പോൾ തെരഞ്ഞെടുപ്പുചട്ടങ്ങൾ നിലവിൽ വരും. പിന്നീട് കേന്ദ്ര ഗവൺമെന്റിനോ സംസ്ഥാന ഗവൺമെന്റിനോ ഇടപെടാൻ കഴിയുമോ? അപ്പോഴെന്താണ് സംഭവിക്കുന്നതെന്ന് പറയാൻ കഴിയില്ല. രണ്ടു മാസം കഴിഞ്ഞ് തെരഞ്ഞെടുപ്പും കഴിഞ്ഞ് വരുമ്പോഴേയ്ക്കും ജനങ്ങളെ ഒരു കാരണവശാലും സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയാണ് വരുന്നത്. അതുകൊണ്ട് ഇവിടെയിപ്പോൾ കുടിയിറക്ക് പ്രഖ്യാപിച്ചിട്ടില്ലെങ്കിലും മലയോര നിവാസികളെ സംബന്ധിച്ചിടത്തോളം ജീവിതം ദുസ്സഹമാണ്. അപ്രഖ്യാപിതമായ കുടിയിറക്കലിന്റെ മുമ്പിലാണ് ജനങ്ങൾ നിൽക്കുന്നത്. അത്ര ഗൗരവമായ ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സിനിമയും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ കസ്തൂരി രംഗൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഗവൺമെന്റെടുത്ത നിലപാട് നേരത്തെ ഞാനിവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഉമ്മൻ വി. ഉമ്മൻ ചെയർമാനായി ഒരു കമ്മിറ്റിയെ വയ്ക്കുകയും ആ കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ട് ഗവൺമെന്റിന്റെ എല്ലാ കാര്യങ്ങളും ഏറെക്കുറേ വ്യക്തമാക്കുന്ന രൂപത്തിലാണുള്ളത്. അങ്ങ് അതിലെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞില്ല. അതിൽ പറയുന്ന ഒന്ന് റെഡ് ഇൻഡസ്ട്രീസാണ്. 20000 sq.m. നേക്കാൾ കൂടുതലുള്ള കെട്ടിടങ്ങൾ, 150000 sq.m ഉള്ള കെട്ടിടസമുച്ചയമുണ്ടാക്കുന്ന ടൗൺഷിപ്പുകൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചാണ് റെഡ് ഇൻഡസ്ട്രീസിൽ പറയുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, ആശുപത്രികളും ഉൾപ്പെടും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിലേയ്ക്കാണ് ഞാൻ വരുന്നത്. അങ്ങ് ഇടയ്ക്ക് എഴുന്നേൽക്കുമെന്ന് എനിക്ക് അറിയാമായിരുന്നു. ഇവിടെ ആശുപത്രി മാത്രമല്ല, കന്നുകാലിവളർത്തൽ പോലുള്ള കാര്യങ്ങളുമുണ്ട്, അതെങ്ങനെ യോജിക്കാൻ പറ്റും? ചില കാര്യങ്ങളിൽ നമ്മൾ രണ്ടുകൂട്ടരും ഒരുപോലെയാണ്. ഈ പറഞ്ഞതാണ് നിങ്ങളുടെ നിലപാടെങ്കിൽ രണ്ടു കൂട്ടരും ഒരുപോലെ യോജിക്കുന്ന കുറേ കാര്യങ്ങളുണ്ട്. പക്ഷെ ആ നിലപാടിന് വിരുദ്ധമായി ചില സമീപനങ്ങൾ വന്നിട്ടില്ല എന്നുപറയുന്നുമില്ല. ഒന്ന്, റെഡ് ഇൻഡസ്ട്രീസിൽനിന്ന് ഹോസ്പിറ്റൽ മാറ്റണം. രണ്ട്, അതിലെ ഡയറി ഫാമുകളെ ഒഴിവാക്കണം. ഇതൊക്കെ ഗവൺമെന്റെടുക്കുന്ന നിലപാടുകളാണ്. റബ്ബർ, കാപ്പി, തേയില തുടങ്ങിയ നാണ്യവിളകളെ

ഏകവിള നിരോധനം ബാധിക്കില്ല എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് കർഷകന്റെ ആശങ്ക അകറ്റണം. അതാണ് ഉമ്മൻ വി ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ ഒരു പ്രധാനപ്പെട്ട കാര്യം. ഗവൺമെന്റ് അതിനോടൊപ്പം നിൽക്കുകയാണ്. മനുഷ്യരേയും കൃഷിയേയും വന്യജീവികൾ ആക്രമിക്കുന്നത് തടയാനായി 'V' ആകൃതിയിലുള്ള 2 മീറ്റർ ആഴവും 4 മീറ്റർ വീതിയുമുള്ള ട്രഞ്ചുകൾ, സൗരോർജ്ജ വേലികൾ തുടങ്ങിയവ നിർമ്മിക്കണമെന്നും കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. സങ്കരയിനം പശുക്കളെ വളർത്തുന്നതിന് നിരോധനം ഉണ്ടാവരുത്. പ്രതികൂല കാലാവസ്ഥയെ ചെറുക്കാൻ കഴിവുള്ള നാടൻ കന്നുകാലികളെ വളർത്താൻ പ്രോത്സാഹിപ്പിക്കണം. നിലവിലുള്ള കൃഷിയിടങ്ങളിൽ നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുവാനും കർഷകരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനും വേണ്ടി പശ്ചിമഘട്ട പ്രദേശങ്ങളിൽ സംയോജിത കൃഷി പ്രോത്സാഹിപ്പിക്കണം.

അതോടൊപ്പംതന്നെ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് പശ്ചിമഘട്ട പ്രദേശങ്ങളിൽ ലഭിച്ചിട്ടുള്ളതും പാരമ്പര്യമായി കൈവശംവച്ച് അനുഭവിക്കുന്നതുമായ പാർപ്പിടം, കൃഷി എന്നിവയ്ക്ക് ഈ റിപ്പോർട്ട് ഒരിക്കലും തടസ്സമാകരുതെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. ഡൈനാമിറ്റ്, മറ്റ് സ്ഫോടക വസ്തുക്കൾ, രാസപദാർത്ഥങ്ങൾ, നഞ്ച് കലക്കിയുള്ള മത്സ്യബന്ധനം എന്നിവ പൂർണ്ണമായും നിരോധിക്കണം എന്നുള്ളത് ഇതിന്റെ മറുവശമായി നിൽക്കുകയാണ്. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിൽ 24 കാര്യങ്ങൾ പറയുന്നുണ്ട്. സമയക്കുറവുമൂലം ഈ 24 കാര്യങ്ങളും ഞാനിവിടെ വിശദീകരിക്കുന്നില്ല. ഞാൻ അതെല്ലാം മേശപ്പുറത്തുവ

യ്ക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ ഇവിടെ അസ്ഥതയുടെ പ്രശ്നമേയില്ല. ഹൈറേഞ്ച് നിവാസികളെ കയ്യേറ്റക്കാരായി ഈ ഗവൺമെന്റ് കാണുന്നില്ല. 'ഗ്രോ മോർ ഫുഡ്'ന്റെ അടിസ്ഥാനത്തിൽ അന്ന് ഹൈറേഞ്ച് മേഖലയിൽ കർഷകരെ കുടിയിരുത്തിയത് ഞങ്ങളുടെ പൂർവ്വികന്മാരായ നേതാക്കന്മാർ തന്നെയായിരുന്നു എന്നുള്ളത് നിങ്ങൾക്കും അറിയാവുന്നതാണ്. പട്ടം താണുപിള്ള കേരളത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ, ആർ. ശങ്കർ കേരളത്തിൽ ഉപമുഖ്യമന്ത്രിയായിരുന്നപ്പോൾ പട്ടം കോളനി രൂപീകരിച്ചില്ലേ; അവരെ കുടിയിരുത്തിയില്ലേ? ഇവരുടെ കാഴ്ചപ്പാടിൽ ഒന്നിനോടും നമുക്ക് യോജിക്കാനേ സാധ്യമല്ല. ജവഹർലാൽ നെഹ്റുവിന്റെ പദ്ധതിയാണ് ഇവിടെ നടപ്പാക്കിയത്. അതോടൊപ്പം ഒരുകാര്യം ഇവിടെ പറയുന്നുണ്ട്. ഹൈറേഞ്ച് മേഖലയിലെ ആളുകൾക്ക് അരക്ഷിതാവസ്ഥയുണ്ടാകുന്ന സാഹചര്യമുണ്ടാകരുത്. അവിടെ താമസിക്കുന്നയാളുകൾക്ക് പ്രൊട്ടക്ഷൻ കൊടുത്ത് കഴിയുന്നത്രയും ആളുകൾക്ക് പട്ടയം കൊടുത്ത് ലീഗലൈസ് ചെയ്യുന്നതിനുവേണ്ടി പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ സമീപനം മലയോര കർഷകർക്ക് എതിരല്ല. ഈ ഗവൺമെന്റിന്റെ പരിശ്രമം മലയോരത്തെ കർഷകരെ സഹായിക്കുക എന്നുള്ളത് തന്നെയാണ്. മലയോര കർഷകരിൽ നേരിയ ആശങ്കയെങ്കിലും.........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഈ ഗവൺമെന്റിന്റെ നയം എന്താണെന്നുള്ളത് വ്യക്തമാണ്. പക്ഷെ, ഈ പ്രശ്നം മുഴുവനുമുണ്ടായിരിക്കുന്നത് കേന്ദ്ര നിലപാടിന്റെ ഫലമായിട്ടാണ്. കേന്ദ്ര തലത്തിലുള്ള പരിസ്ഥിതി നിയമത്തിലെ സെക്ഷൻ 5(3) അനുസരിച്ചാണ് ഉത്തരവ് ആദ്യം

പുറപ്പെടുവിച്ചത്. ആ ഉത്തരവ് ഒരു ഓഫീസ് മെമ്മോറാണ്ടം വഴി മാറ്റാൻ കഴിയില്ല. അത് പ്രാബല്യത്തിലുള്ള നിയമമാണ്. ഇന്നലത്തെ സുപ്രീം കോടതി വിധിയോടുകൂടി ഈ ഓഫീസ് മെമ്മോറാണ്ടവും സ്റ്റേറ്റ് ഗവൺമെന്റ് ഇറക്കിയ ഉത്തരവുമെല്ലാം തന്നെ അസാധുവായിക്കഴിഞ്ഞു. ഇന്നലത്തെ സുപ്രീം കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത് രണ്ട് മാസംകൊണ്ട് ഒരു റെഗുലേറ്ററെ നിശ്ചയിക്കണം എന്നാണ്. ഒരു റെഗുലേറ്ററെ നിശ്ചയിക്കണമെന്ന പരിസ്ഥിതി ആക്ടിലെ ഒരു വകുപ്പാണ് സുപ്രീം കോടതി ഇപ്പോൾ ഉപയോഗിച്ചിരിക്കുന്നത്. മാത്രമല്ല ഗാഡ്ഗിൽ കമ്മിറ്റിയും ഒരു റെഗുലേറ്റർ/അതോറിറ്റി വേണമെന്നാണ് പറയുന്നത്. ഇനിയിപ്പോൾ ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി പോലെ ഈ അധികാരം മുഴുവനും ഈ പരിസ്ഥിതി അതോറിറ്റിക്ക് പോകുകയാണ്. കേന്ദ്ര തലത്തിലുള്ള അതോറിറ്റിയാണ് ഇത് തീരുമാനിക്കാൻ പോകുന്നത്. കേന്ദ്ര ഗവൺമെന്റിനോ സ്റ്റേറ്റ് ഗവൺമെന്റിനോ ഇത് തീരുമാനിക്കാൻ കഴിയില്ല. പരിസ്ഥിതി അതോറിറ്റി വരുന്നതോടുകൂടി നിങ്ങളിറക്കിയ മുഴുവൻ ഉത്തരവുകളും അപ്രസക്തമാകും. മലയോര മേഖല പൂർണ്ണമായും വനം വകുപ്പിന്റെയും പരിസ്ഥിതി വകുപ്പിന്റെയും കയ്യിലാകാൻ പോകുകയാണ്. ഒരു വികസന പ്രവർത്തനവും അവിടെ നടത്താൻ കഴിയുകയില്ല. നിങ്ങൾ മലയോര പ്രദേശത്ത് കുടിയേറ്റിയെന്ന് പറയുന്ന ആളുകൾ കുടിയിറങ്ങേണ്ടുന്ന ഒരു അവസ്ഥ വരുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇന്നലെയുണ്ടായ സുപ്രീം കോടതി വിധിയുടെ നിയമപരമായ വശങ്ങളെക്കുറിച്ച് നിയമ വിദഗ്ദ്ധരുമായി ആലോചിക്കും. ഒരു കാര്യം കേരള ഗവൺമെന്റിന്റെ നിലപാടായി ഞാൻ സൂചിപ്പിക്കുകയാണ്. മലയോര കർഷകർക്ക് വിഷമമുണ്ടാകുന്ന, തലമുറക

ളായി അവിടെ ജീവിച്ചുകൊണ്ടിരിക്കുന്ന, കേരളത്തിന്റെ സമ്പദ്ഘടനയെ നന്നായി സഹായിച്ചുകൊണ്ടിരിക്കുന്ന ആ വിഭാഗത്തിന് ഒരു ആശങ്കയുമുണ്ടാകാൻ സംസ്ഥാന ഗവൺമെന്റ് അനുവദിക്കുന്ന പ്രശ്നമേയില്ല. ആവശ്യമായ എല്ലാ നടപടികളും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. സി. ദിവാകരൻ: സർ, സംസ്ഥാന ഗവൺമെന്റിന് ഇനി എന്തു ചെയ്യാൻ കഴിയും? സുപ്രീം കോടതി വിധി വന്നതോടെ നിയമമായി, അതോറിറ്റി നിലവിൽ വന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതാണ് ഞാൻ പറഞ്ഞുവരുന്നത്. മുഖ്യമന്ത്രി ഇക്കാര്യത്തിൽ എന്തുചെയ്തുവെന്ന് നേരത്തെ ഇവിടെ ചോദിച്ചല്ലോ; ഇന്ത്യൻ പ്രധാനമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ടില്ലേ? ......(ബഹളം)......

ശ്രീ. സി. ദിവാകരൻ: സർ, ഗവൺമെന്റിന്റെ നയം എന്താണെന്ന് മുഖ്യമന്ത്രി പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,...............

......(ബഹളം)......

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ, അദ്ദേഹത്തിന് പറയേണ്ടേ. ......(ബഹളം)...... ഒരു കാര്യം, മുഖ്യമന്ത്രിക്ക് പറയാനുള്ളത് മുഖ്യമന്ത്രി പറയും. പക്ഷെ, ഇതിന്റെ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അദ്ദേഹം മറുപടി പറഞ്ഞുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയാണ് ഈ ടീമിന്റെ ക്യാപ്റ്റൻ. പക്ഷെ, വകുപ്പുമന്ത്രിക്ക് മറുപടി പറയാനുള്ള അവകാശവും അധികാരവുമുണ്ട്. അദ്ദേഹം പറയട്ടെ, അതിനുശേഷം മുഖ്യമന്ത്രി മറുപടി പറയും. അദ്ദേഹം സംസാരിക്കട്ടെ, അങ്ങ് സംസാരിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തോക്കിൽ കയറി വെടി വച്ചാൽ ഞാനെന്തുചെയ്യും? ......(ബഹളം)...... കസ്തൂരിരംഗൻ റിപ്പോർട്ട് പുറത്തുവന്നയുടൻ കേരള ഗവൺമെന്റും മുഖ്യമന്ത്രി വ്യക്തിപരമായും ഇതിനകത്ത് നല്ലരീതിയിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി വകുപ്പ് മന്ത്രിയെ കാണുകയും ഇക്കാര്യത്തിലുള്ള കേരളാ ഗവൺമെന്റിന്റെ നിലപാട് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. അതിനുശേഷമാണ് ഓഫീസ് മെമ്മോറാണ്ടത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തത്. ഇന്ത്യൻ പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് കേരളാ ഗവൺമെന്റിന്റെ നിലപാടുകൾ വിശദീകരിച്ചു. പ്രധാനമന്ത്രി ഇക്കാര്യത്തിൽ ഇടപെടാമെന്ന് സംസ്ഥാന ഗവൺമെന്റിന് ഉറപ്പുനൽകി. ഇന്ത്യൻ പ്രധാനമന്ത്രി കേരളത്തിലെത്തിയപ്പോൾ ക്യാബിനറ്റ് ഒന്നടങ്കം പ്രധാനമന്ത്രിയെ കാണുകയും മുഖ്യമന്ത്രി ഇതു സംബന്ധിച്ച കാര്യങ്ങൾ പ്രധാനമന്ത്രിയോട് വിശദീകരിക്കുകയും ചെയ്തു. പ്രധാനമന്ത്രി ഇക്കാര്യത്തിൽ കേരളത്തിന്റെ ആശങ്ക പരിപൂർണ്ണമായി ഉൾക്കൊള്ളുമെന്ന് പറഞ്ഞിരിക്കുകയാണ്. ഒരു ഭരണ സംവിധാനത്തിൽ ഇതിനപ്പുറം എന്താണ് ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുക? ഈ പറഞ്ഞ നിലപാടുകളിൽ ഒരു കടുകുമണിപോലും വ്യത്യാസമില്ലാതെ സംസ്ഥാന ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ആശങ്കകൾ ഏറെക്കുറെ ഒതുങ്ങിവരികയാണ്. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് 2010–ലാണ് വന്നത്. പരിസ്ഥിതിയെ സംബന്ധിച്ച് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവരിൽ വ്യത്യസ്ത അഭി

പ്രായങ്ങളുള്ള ആളുകളുണ്ടാകാം, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഒരു ജനതയെ കണ്ടുകൊണ്ട് ഒരു ഗവൺമെന്റ് എടുക്കുന്ന നിലപാട് ആ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം പരിഗണിച്ചുകൊണ്ടുതന്നെയായിരിക്കും. ആ പൊതുതാൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റിന് ഭരണപരമായി ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളും ചെയ്യുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ അതിനിടയിലാണ് ഇന്നലെ സുപ്രീം കോടതിയുടെ വിധി വന്നത്. സുപ്രീം കോടതി വിധിയുടെ പകർപ്പ് കിട്ടിയതിനുശേഷം നിയമവിദഗ്ദ്ധരുമായി ആലോചിച്ച് ഈ താൽപ്പര്യങ്ങൾ എങ്ങനെ പരിരക്ഷിക്കാമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് നിശ്ചയമായും തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ഗവൺമെന്റിന്റെ ഇതുസംബന്ധിച്ചുള്ള പ്രഖ്യാപനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിയാത്തതിന്റെ ഒരു പ്രധാന കാരണം ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി എന്ന അമേരിക്ക കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു സംഘടന ഇവിടെ വനവത്ക്കരണത്തിന് വേണ്ടിയുള്ള ഒരു പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 11600 ഹെക്ടർ സ്ഥലം കൂടി സംരക്ഷണ മേഖലയിൽ കൊണ്ടു വരിക എന്ന ഉദ്ദേശത്തോടുകൂടിയതാണ് ഈ പ്രോജക്ട്. 2013 ഡിസംബർ 3-ാം തീയതിയാണ് ഈ പ്രോജക്ടിന് അംഗീകാരം കൊടുത്തിരിക്കുന്നത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ് ഈ പ്രോജക്ടിന് അംഗീകാരം കൊടുത്തിരിക്കുന്നത്. വനം വകുപ്പ് അറിഞ്ഞുകൊണ്ടാണ് ഈ പ്രോജക്ട് പോയിരിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങേയ്ക്ക് ഈ പ്രോജക്ടിന്റെ പഴയ പശ്ചാത്തലമൊക്കെ അറിയാം. ഞാൻ അതിനെക്കുറിച്ചൊന്നും

വിശദീകരിക്കേണ്ടതില്ലല്ലോ. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ അഭിപ്രായം എന്താണ്? ഞാൻ ഇതിൽ പൊളിറ്റിക്സ് കലർത്തുന്നില്ല. ഇവിടെ ഇത് ഉന്നയിച്ചത് ശ്രീ. ജയചന്ദ്രനാണെങ്കിലും ഞാൻ അതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയമായി ഇതിനെ വേർതിരിച്ച് കാണുന്നതേയില്ല. ഇതു നമ്മുടെ സമൂഹത്തിലെ പ്രധാനപ്പെട്ട പ്രശ്നമാണ്. ലക്ഷകണക്കിന് ആളുകളെ ഒരുപോലെ ബാധിക്കുന്ന പ്രശ്നമാണ്. വനം വകുപ്പിൽ എന്റെ മുൻഗാമിയായിരുന്ന ശ്രീ. ബിനോയ് വിശ്വം, എനിക്ക് വ്യക്തിപരമായി അദ്ദേഹത്തിന്റെ അഭിപ്രായം നന്നായി അറിയാം. .........(ബഹളം)....... അദ്ദേഹം എന്റെ സുഹൃത്താണ് എന്നല്ലേ പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സഭയിൽ ഇല്ലാത്ത ആളുകളെ കുറിച്ച് ദു:സൂചന നടത്തി. അമേരിക്കയുടെ സർവ്വേ നിങ്ങൾ അംഗീകരിച്ചോ, അമേരിക്കൻ കമ്പനിയുടെ ശുപാർശ വനം വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനം വകുപ്പ് ഇതൊന്നും അംഗീകരിച്ചിട്ടില്ല. .....(ബഹളം)........

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്......ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ പറയട്ടെ.....(ബഹളം)........ഇന്നലത്തെ സുപ്രീം കോടതി വിധി 2006 ലെ ഇ.ഐ.എ വിജ്ഞാപനത്തെ മാത്രം ബാധിക്കുന്നതാണ്.

മി. സ്പീക്കർ: വൈൻഡ് അപ് ചെയ്യൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഒരു വാക്ക് പറയട്ടെ. ഇന്നലെയുണ്ടായ സുപ്രീം കോടതി വിധി 2006 ലെ ഇ.ഐ.എ വിജാഞാപനത്തെ മാത്രം ബാധിക്കുന്നതാണ്. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് ഇ.ഐ.എ കേസുക

ളുടെ വിധിയുമായി പ്രസക്തിയില്ല. ഏതായാലും അതിന്റെ നിയമവശം നമ്മൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ വിധിയുടെ ഫുൾ പകർപ്പ് കിട്ടിയാൽ നിയമവശം പരിശോധിക്കും. കേരള ഗവൺമെന്റിന്റെ സ്റ്റാൻഡ് ഇതാണ്. ഈ സ്റ്റാൻഡ് ബോധ്യപ്പെടുത്താൻ കഴിയത്തക്കവിധമുള്ള നടപടികളെടുക്കും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ..ഇത് അങ്ങ് മറുപടി പറഞ്ഞ് തീർന്ന് വൈൻഡ് അപ് ചെയ്യേണ്ടതല്ലേ. ഓരോരുത്തരെയും വിളിച്ചാൽ ഇവിടെയെങ്ങും നിൽക്കില്ല ഇത്.

ശ്രീ. പി. സി. ജോർജ്: ഒരു സംശയം ചോദിക്കാനാണ്. ഇത് രാഷ്ട്രീയമായി കാണേണ്ട കാര്യമല്ല. കേരളത്തിലെ ഒരു പറ്റം ജനങ്ങൾക്ക് ആശങ്ക ഉണ്ടാക്കിയിരിക്കുന്ന പ്രശ്നമാണ്. ഈ രീതിയിലുള്ള പ്രശ്നങ്ങളും ചർച്ചകളും വരുമ്പോൾ വീണ്ടും ആശങ്ക വർദ്ധിക്കുകയാണ്. അതാണ് ഇവിടുത്തെ പ്രശ്നം. അതുകൊണ്ട് ഗവൺമെന്റിന് നയം വ്യക്തമാക്കുന്നതിനുള്ള അവസരം കൊടുക്കണം. ഞാൻ ഇന്നലെ പറഞ്ഞത് തന്നെയാണ് ഇന്നും പറയുന്നത്. ആശങ്ക ഒഴിവാക്കത്തക്ക രീതിയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം അംഗീകരിച്ചുകൊണ്ട് .....(ബഹളം)........ കോടതിയിൽ നേരിടണം അതിനുള്ള അവസരം കിട്ടണം.....(ബഹളം)....... ഇ.എഫ്.എൽ നിയമവും ഗവൺമെന്റ് എങ്ങനെ കാണുന്നുവെന്നത് ഇതുമായി ബന്ധപ്പെട്ട് പറയണം.....(ബഹളം)........

മി. സ്പീക്കർ: ഓരോന്നിനും അതിന്റേതായ നടപടി ക്രമങ്ങളുണ്ട്. ഒരുപാട് സംസാരിക്കാനുണ്ടെങ്കിൽ ഗവൺമെന്റ് ആലോചിച്ച് വേറെ ചർച്ച കൊണ്ടുവരണം. അങ്ങ് മറുപടി പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അടിയന്തര പ്രമേയം വന്നാൽ ഞാൻ അതിന് മറുപടി പറയേണ്ടേ. അങ്ങ് തന്നെ എനിക്ക് മാർക്ക് ചെയ്തു തന്ന അടിയന്തര പ്രമേയത്തിന് എനിക്ക് മറുപടി പറയാതിരിക്കാൻ കഴിയുമോ

മി. സ്പീക്കർ: അങ്ങ് മറുപടി പറയണം. അങ്ങ് മറുപടി പറയണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇത് ഉന്നയിക്കാൻ 11 മിനിട്ട് എടുത്തപ്പോൾ ഞാൻ എന്ത് ചെയ്യണം. സ്വാഭാവികമായും കേരളം മുഴുവൻ കത്തിക്കാളുമെന്ന് പ്രതിപക്ഷത്തു നിന്ന് ആർഗ്യൂ ചെയ്തുകൊണ്ടിരിക്കുന്ന ഒരു കേസിൽ ഗവൺമെന്റിന്റെ സ്റ്റാൻഡ് പറയാതിരിക്കാൻ പറ്റുമോ.

മി. സ്പീക്കർ: അങ്ങ് പറയണമെന്നു തന്നെയാണ് ഞാൻ പറഞ്ഞത്. അങ്ങ് പറയാനുള്ള കാര്യം പറയണം. പറഞ്ഞ് വൈൻഡ് അപ് ചെയ്യണമെന്നേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതുകൊണ്ട് ഗവൺമെന്റിന്റെ സ്റ്റാൻഡ് വളരെ കൃത്യമായി ഞാൻ പറഞ്ഞു. ഉമ്മൻ.വി.ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് ഗൈഡ്ലൈൻ അനുസരിച്ച് ഗവൺമെന്റ് മേൽനടപടികളെടുക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതോടൊപ്പം പ്രതിപക്ഷം കൂടി ഇക്കാര്യത്തോട് സഹകരിക്കണം. പ്രതിപക്ഷത്തുനിന്ന് പറഞ്ഞ കാര്യങ്ങളിലെല്ലാം അവർ ഉറച്ചു നിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കേരളത്തിൽ ഇതു നേരിട്ട് ബാധിക്കുന്ന ജനസമൂഹത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗത്തിലേക്ക് പോകണം. ആ മാർഗ്ഗത്തിന്റെ മദ്ധ്യത്തിലാണ് സുപ്രീം കോടതി വിധിയെക്കുറിച്ച് പറഞ്ഞത്. 2006 ലെ കേസിനെ സംബന്ധി

ച്ചാണ് വിധി വന്നിട്ടുള്ളത്. എന്നാലും ഗവൺമെന്റ് അതിന്റെ നിയമവശം പരിശോധിക്കുന്നതാണ്. .....(ബഹളം)........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എന്നാൽ ചർച്ച ചെയ്തുകൂടെ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ കാര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് അഭിപ്രായം പറയാനുണ്ട്. മുഖ്യമന്ത്രിയുടെ അഭിപ്രായം കൂടി കേട്ടതിന് ശേഷം നമുക്ക് തീരുമാനിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവസാനം ചോദിച്ച ഒരു ചോദ്യമുണ്ട്, എന്നാൽ ഇത് ചർച്ച ചെയ്തുകൂടെയെന്ന്. ചർച്ച ചെയ്യുന്നതിന് ഏക തടസ്സം അങ്ങ് മാത്രമാണ്. അങ്ങ് ഒരു നോട്ടീസ് കൊടുത്തു. ആ നോട്ടീസ് അംഗീകരിച്ചു. റൂൾ 130........ഡേറ്റ് തീരുമാനിച്ചില്ല..... ശ്രീ. കോടിയേരി ബാലകൃഷ്ണൻ., ഇത് അങ്ങ് തന്നെ ബിസിനസ്സ് അഡ്വൈസറി മീറ്റിംഗിൽ മെൻഷൻ ചെയ്തു, ഞങ്ങൾ ഒക്കെ അതിനെ സപ്പോർട്ട് ചെയ്തു. ടൈം മാത്രമെ ഫിക്സ് ചെയ്യാനുള്ളൂ. യാതൊരു സംശയവുമില്ല. കാരണം ഇത് ചർച്ച ചെയ്യേണ്ട കാര്യമാണ്. അങ്ങ് പ്രത്യേകിച്ച് നോട്ടീസ് തന്ന സാഹചര്യത്തിൽ അങ്ങയുടെ നോട്ടീസിനെ മറികടക്കാൻ വേണ്ടി ചർച്ച ചെയ്തു എന്ന് വരും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അടിയന്തര പ്രമേയ നോട്ടീസ് ചർച്ച ചെയ്തു കഴിഞ്ഞാൽ പിന്നെ എന്റെ നോട്ടീസിന് പ്രസക്തിയില്ലല്ലോ. അടിയന്തര പ്രമേയം എന്ന് പറയുന്നത് റൂൾ 50 അനുസരിച്ച് തരുന്നതാണ്. അതിൽ നിന്ന് വ്യത്യസ്തമാണ് മറ്റേ നോട്ടീസ്. അതുകൊണ്ട് ബി.എ.സി ആ തീരുമാനം എടുക്കാത്തതു കൊണ്ടാണ് ഞങ്ങൾ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്.

മി. സ്പീക്കർ: അല്ല. അങ്ങനെയല്ല. നമ്മൾ നാളെ വരെയുള്ള ബിസിനസ്സാണ് ആദ്യം ഫിക്സ് ചെയ്തത്. 20–ാം തീയതി തുടങ്ങി മൂന്ന് ദിവസത്തെ ബിസിനസ്സിൽ ഏതൊക്കെയാണ് ബില്ലുകൾ എന്നത് നിശ്ചയിച്ചു. അതിനിടയിൽ ഞാൻ തന്നെ സി.എമ്മിനോട് ശ്രീ. കോടിയേരിയുടെ റൂൾ 130 അനുസരിച്ചുള്ള നോട്ടീസുണ്ട്, വിഷയമിതാണ് എന്ന് പറഞ്ഞു. നമുക്കതിന്റെ തീയതി പിന്നീട് നിശ്ചയിക്കാമെന്നു പറഞ്ഞാണ് അന്ന് പിരിഞ്ഞത്. ആർക്കും ഒരു തെറ്റിദ്ധാരണയും വേണ്ട. ചർച്ച വേണ്ടെന്ന് ഒരു ഘട്ടത്തിലും പറഞ്ഞില്ല. ഡേറ്റ് പിന്നെ തീരുമാനിക്കാമെന്ന് പറഞ്ഞു. രണ്ടു പക്ഷത്തു നിന്നും ബി.എ.സിയിൽ ഇല്ലാത്ത ആളുകൾ തെറ്റിദ്ധരിക്കേണ്ട കാര്യമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഇത് അംഗീകരിച്ചു കഴിഞ്ഞു. .....(ബഹളം)........ അംഗീകരിച്ചു കഴിഞ്ഞു.....(ബഹളം)........

മി. സ്പീക്കർ: സി. എം. സംസാരിക്കട്ടെ.. പ്ലീസ് ...പ്ലീസ്...

ശ്രീ. ഉമ്മൻ ചാണ്ടി: ഞങ്ങൾ ചർച്ചയ്ക്ക് എതിരല്ല. ചർച്ച ചെയ്യേണ്ടതാണ്. ചർച്ച ചെയ്യുകയും ചെയ്യും. ഇത് ബിസിനസ് അഡ്വൈസറി മീറ്റിംഗിൽ വരികയും അത് ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ നമുക്കത് ചർച്ച ചെയ്യാം.

ഇന്ന് ഇതു സംബന്ധിച്ച് ഒരു ആശയക്കുഴപ്പത്തിനുമുള്ള സാഹചര്യമില്ല. ഡിസംബർ 20–ാം തീയതിയിലുള്ള ഏറ്റവും ഒടുവിലത്തെ ഓഫീസ് മെമ്മോറാണ്ടം വളരെ വ്യക്തമാണ്. അതിൽ ഏറ്റവുമവസാനം പറഞ്ഞിരിക്കുന്നത്, this Office Memorandum supersedes all other Office Memorandums issued earlier on the subject. അതായത് ഇതിന് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ളതെല്ലാം

ഇതോടു കൂടി മാറിയിരിക്കുന്നു. ഇതിനകത്ത് പറഞ്ഞിരിക്കുന്നത്, It is clarified that the Final Notification will be issued after the boundary of the ESA has been fine tuned after receiving inputs from stakeholders/State Governments. Further, State Governments may suggest modifications based upon physical verification. നമ്മളാവശ്യപ്പെട്ട കാര്യങ്ങൾ തന്നെയാണ്. ഇതിനകത്ത് ഫിസിക്കൽ വെരിഫിക്കേഷൻ വേണം, കാരണം റിമോട്ട് സെൻസിംഗ് മുഖേ ന സർവ്വേ നടത്തിയപ്പോൾ പ്ലാന്റേഷനുകളെല്ലാം വനമായി മാറി. ശ്രീ. പി. സി. ജോർജിന്റെയും ശ്രീ. കെ. എം. മാണിയുടെയും നിയോജകമണ്ഡല ത്തിൽപ്പെട്ട കോട്ടയത്തിലെ നാലു പഞ്ചായത്തുകൾ......, തീക്കോയി, പൂഞ്ഞാർ-തെക്കേക്കര, മേലുകാവ് മൂന്ന് വില്ലേജുകളും ഈ 123 വില്ലേജുക ളിൽപ്പെട്ടതാണ്. ഇവിടങ്ങളിൽ ഒരു സെന്റ് വനഭൂമി പോലുമില്ല, അവിടം മുഴു വൻ പ്ലാന്റേഷൻ ഏരിയയാണ്. റിമോട്ട് സെൻസിങ്ങിൽ അത് വനമായി വന്നിരിക്കുകയാണ്. അതുകൊണ്ട് ഫിസിക്കൽ വെരിഫിക്കേഷൻ വേണം. അത് ഇപ്പോൾ അംഗീകരിച്ചിരിക്കുന്നു. ഇതിനു മുമ്പുള്ള എല്ലാ ഓഫീസ് മെമ്മോറാണ്ടവും ക്യാൻസൽ ചെയ്തിരിക്കുന്നു; സൂപ്പർസീഡ് ചെയ്തിരിക്കു ന്നു. ഇനി ചെയ്യാൻ പോകുന്നത് സംസ്ഥാന ഗവൺമെന്റിന്റെയും സ്റ്റേക്ക്ഹോൾഡേഴ്സിന്റെയും അഭിപ്രായം കേട്ടതിനുശേഷം മാത്രമേ ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കുകയുള്ളൂ. അതുകൊണ്ട് ഡിസംബർ 20-ാം തീയതിയിലെ ഓഫീസ് മെമ്മോറാണ്ടത്തോടെ ഇതുവരെയുണ്ടായി രുന്ന കൺഫ്യൂഷനൊക്കെ മാറി. കാര്യങ്ങൾക്ക് വളരെ വ്യക്തത വന്നിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് മാത്രമല്ല, ഇവിടെ കോടതി കൂടിയുണ്ട്. അതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് വളരെ പെട്ടെന്ന് ചില തീരുമാനങ്ങൾ എടുത്തത്.

കാരണം ഏതു കോടതിയിൽ ചെന്നാലും ബോധ്യപ്പെടുത്താൻ സാധിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ നമുക്ക് മുന്നോട്ട് പോകണം. കേന്ദ്ര ഗവൺമെന്റാണെങ്കിൽ അവിടെ പറയാം, കാര്യങ്ങളുടെ എല്ലാ വശങ്ങളും പറയാം. ഇവിടെ സുപ്രീം കോടതി കൂടിയുണ്ട്. അവിടെ നിയമപരമായി; സാങ്കേതികമായി ബോധ്യപ്പെടുത്താൻ കഴിയുന്ന കാര്യങ്ങൾ നമുക്ക് വേണം. അതുകൊണ്ടാണ് എക്സ്പെർട്ട് കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചത്. അവർ 30 സ്ഥലങ്ങളിൽ സിറ്റിംഗ് നടത്തി, റിപ്പോർട്ട് തന്നു. ആ റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ആർക്കെങ്കിലും പുതിയ നിർദ്ദേശങ്ങളുണ്ടെങ്കിൽ അതു കൂടി സ്വീകരിച്ചതിനുശേഷം മാത്രമേ ഈ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ഫൈനലൈസ് ചെയ്യുകയുള്ളൂ. അതോടൊപ്പം 123 വില്ലേജുകളിലെ പഞ്ചായത്ത് പ്രസിഡന്റുമാരെ അദ്ധ്യക്ഷനും പഞ്ചായത്ത് സെക്രട്ടറിയെ സെക്രട്ടറിയുമാക്കി അവിടത്തെ കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, ജനപ്രതിനിധികൾ ഇവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ഗ്രൗണ്ട് റിയാലിറ്റി ഫിസിക്കൽ വെരിഫിക്കേഷൻ ഈ 123 വില്ലേജുകളിലും നടത്താൻ കഴിഞ്ഞിരിക്കുന്നു. 10–ാം തീയതി ജില്ലാ കളക്ടർമാർക്ക് അവർ റിപ്പോർട്ട് കൊടുക്കണം. ജില്ലാ കളക്ടർമാർ 13–ാം തീയതിക്കകം ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് തരണമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജനവാസ കേന്ദ്രങ്ങളും ഫോറസ്റ്റും തരംതിരിക്കുക. പരിസ്ഥിതി സംരക്ഷണം ജനപങ്കാളിത്തത്തോടെ – നമ്മൾ പരിസ്ഥിതി സംരക്ഷണത്തിനു എതിരല്ല, പക്ഷേ ജനജീവിതം അസാദ്ധ്യമാകത്തക്കവിധത്തിൽ അത് നിരോധിക്കുന്ന രീതിയിൽ ജനജീവിതത്തെ ഒരു വിധത്തിലും മുമ്പോട്ടു കൊണ്ടുപോകാൻ സാധിക്കാത്ത രീതിയിലുള്ള നടപടികളോട് യോജിപ്പില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ജനസംരക്ഷണത്തോടു കൂടിയുള്ള പരിസ്ഥിതി സംരക്ഷണം എന്നത് രണ്ടു കൂട്ടർക്കും യോജിപ്പുള്ള വിഷയമാണ്. ഇപ്പോൾ അത് നടപ്പാക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടായതാണ് ഈ അടിയന്തിര പ്രമേയത്തിന്റെ കാരണം. എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ടിലെ 5(3) വകുപ്പ് അനുസരിച്ചാണ്, കേന്ദ്ര ഗവൺമെന്റ് കസ്തൂരിരംഗൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ ഉത്തരവ് പുറപ്പെടുവിച്ചത്. അങ്ങനെ പുറപ്പെടുവിക്കുന്ന ഉത്തരവ് ഒരു ഓഫീസ് മെമ്മോറാണ്ടം വഴി എങ്ങനെ തിരുത്താൻ സാധിക്കും? ഓഫീസ് മെമ്മോറാണ്ടം വഴിയാണ് കേന്ദ്ര ഗവൺമെന്റ് ഇത് തിരുത്തിയിരിക്കുന്നത്. എന്നാൽ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ നിലനിൽക്കുകയാണ്. ഓഫീസ് മെമ്മോറാണ്ടം മാത്രമെ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ളൂ എന്ന് ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് ശരിയാണ്. ഇവിടെ അങ്ങേയറ്റം അവ്യക്തതയുണ്ടാക്കിയത് സംസ്ഥാന ഗവൺമെന്റാണ്. ആദ്യം ഒരു സംഗ്രഹം പ്രസിദ്ധീകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അന്ന് വനം വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. അന്ന് വൈകുന്നേരം തന്നെ ആ സംഗ്രഹം പിൻവലിച്ചത്, ഇത് കൈകാര്യം ചെയ്യുന്നതിൽ ഈ ഗവൺമെന്റിനുള്ള ആശയക്കുഴപ്പം എത്ര വലുതാണെന്ന് വ്യക്തമാക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റ് ഇറക്കിയ ഉത്തരവ് അന്ന് രാത്രി തന്നെ പിൻവലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് കൈകാര്യം ചെയ്യുന്നതിൽ സർവ്വത്ര ആശയക്കുഴപ്പം നിലനിൽക്കുകയാണ്. ഇന്നലെ സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവെന്താണ്? കേന്ദ്ര ഗവൺമെന്റ് എല്ലാ വാദങ്ങളും സുപ്രീം കോടതിയിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ

എല്ലാ കാര്യങ്ങളും ഇന്നലെ സുപ്രീം കോടതിയിൽ കേന്ദ്ര ഗവൺമെന്റ് പറഞ്ഞു. സുപ്രീം കോടതി ഒന്നും അംഗീകരിച്ചില്ല. സുപ്രീം കോടതി എടുത്ത നിലപാട്, ഇത്തരത്തിൽ റഗുലേറ്ററെ നിശ്ചയിക്കണമെന്ന് എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ടിലെ ഒരു വകുപ്പുണ്ട്, ആ വകുപ്പ് നടപ്പാക്കിയിട്ടില്ല എന്നു പറഞ്ഞുകൊണ്ട് എല്ലാ അധികാരങ്ങളും ആ റഗുലേറ്ററിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്. രണ്ടു മാസം കൊണ്ട് നടപ്പിലാക്കണം. ഇലക്ട്രിസിറ്റി റഗുലേറ്ററി അതോറിറ്റി വന്നപ്പോൾ എന്ത് സംഭവിച്ചു? സംസ്ഥാന ഗവൺമെന്റിന് വില തീരുമാനിക്കാൻ കഴിയുന്നുണ്ടോ? അതേ നിലയിൽ ഒരു അതോറിറ്റി വന്നു കഴിഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന് എന്തു ചെയ്യാൻ സാധിക്കും? ഈ ആശങ്ക ദൂരീകരിക്കാൻ ഈ ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നത്? അതാണ് ഇപ്പോൾ അടിയന്തിരമായി ഉണ്ടായിരിക്കുന്ന പ്രശ്നം.

ശ്രീ. ഉമ്മൻ ചാണ്ടി: ഡിസംബർ 20-ാം തീയതിയിലെ ഓഫീസ് മെമ്മോറാണ്ടമാണ് ഇന്ന് നിലവിലുള്ളത്. അതിൽ ഏറ്റവുമവസാനം പറയുന്നത്, this Office Memorandum supersedes all other Office Memorandums issued earlier on the subject. This issues with the approval of the Competent Authority. അതോടുകൂടി ഇതിനു മുമ്പുള്ള ഓഫീസ് മെമ്മോറാണ്ടങ്ങളെല്ലാം മാറി. ഇതിനകത്ത് പറഞ്ഞിരിക്കുന്നത്, It is clarified that the Final Notification will be issued after the boundary of the ESA has been fine tuned after receiving inputs from stakeholders/State Governments. ഫൈനൽ നോട്ടിഫിക്കേഷൻ വരാൻ പോകുന്നതേയുള്ളൂ. സംസ്ഥാന ഗവൺമെന്റിന്റെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും അഭിപ്രായം കേട്ടതിനുശേഷം മാത്രമേ ഫൈനൽ നോട്ടിഫിക്കേഷൻ

പുറപ്പെടുവിക്കുകയുള്ളൂ. ഞാൻ വീണ്ടും ആവർത്തിച്ചു പറയുന്നു, ഈ സഭയ്ക്ക് ഉറപ്പു തരുന്നു. ഇതിനെ സംബന്ധിച്ച് ഗ്രീൻ ട്രൈബ്യൂണലിൽ കേസുണ്ട്. കേരള ഗവൺമെന്റ് അതിനകത്ത് കക്ഷി ചേർന്നിട്ടുണ്ട്. കേരള ഗവൺമെന്റ് സീനിയർ അഡ്വക്കേറ്റിനെ ഇതിനായി എൻഗേജ് ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസത്തെ സിറ്റിംഗിൽ സീനിയർ അഡ്വക്കേറ്റ് പങ്കെടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലാണ് കോടതിയിലെ പ്രൊസീഡിംഗ്സ് നടന്നത്. അക്കാര്യത്തിൽ എല്ലാവിധത്തിലുമുള്ള കരുതൽ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം: സർ, പത്താം തീയതിക്ക് മുമ്പ് പഞ്ചായത്ത് പ്രസിഡന്റുമാർ അദ്ധ്യക്ഷനായുള്ള സമിതി റിപ്പോർട്ട് നൽകണമെന്നാണ്. 21.12.2012-ലാണ് കേരള സർക്കാർ ഇതുസംബന്ധിച്ച സംഗ്രമം ഇറക്കിയിരിക്കുന്നത്. ഇപ്പോൾ 18 ദിവസമായി. ഇന്നലെ വരെ പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽ ഈ ഉത്തരവ് ലഭിച്ചിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റുമാരടക്കം എല്ലാ ആളുകളും ജില്ലാ കളക്ടറേറ്റിൽ ഇന്നലെയും ബന്ധപ്പെട്ടു. ഈ ഉത്തരവ് ലഭിച്ചില്ലെങ്കിൽ അഞ്ച് പേരടങ്ങുന്ന സമിതിക്ക് നേരിട്ടുപോയി കണ്ടെഴുത്ത് നടത്താനോ അങ്ങ് പറഞ്ഞതുപോലെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താനോ കഴിയില്ല. ഇക്കാര്യത്തിലുള്ള ഏതെങ്കിലും നിഗൂഢമായ പ്രവർത്തനം ഉണ്ടോയെന്നുള്ള സംശയം ഇതുമൂലം ബലപ്പെടുകയാണ്. അതുകൊണ്ടാണ് ക്ലാരിഫൈ ചെയ്യുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇന്നലെ ശ്രീ. വി. ചെന്താമരാക്ഷൻ അദ്ദേഹത്തിന്റെ അസംബ്ലി മണ്ഡലത്തിലുള്ള പഞ്ചായത്ത്

പ്രസിഡന്റുമാരുമായി വന്നിരുന്നു. അവരോട് ചോദിച്ചപ്പോൾ അവർക്കെല്ലാം ഉത്തരവ് കിട്ടിയെന്നും അവരെല്ലാം ആ ആക്ടിവിറ്റീസിൽ സജീവായി നിൽക്കുകയാണെന്നുമാണ് പറഞ്ഞത്. അങ്ങ് ഇവിടെ പറഞ്ഞ സാഹചര്യം ഒരിക്കലും ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ, അങ്ങ് പറഞ്ഞതുകൊണ്ട് ഇതു കഴിഞ്ഞാൽ ആദ്യം പത്തനംതിട്ട കളക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായി കോൺടാക്ട് ചെയ്യുന്നതാണ്. അതിന്റെ കാരണം, നമുക്ക് ഇതിൽ ദിവസങ്ങ ളല്ല മണിക്കൂറുകളാണ് പ്രധാനം. സുപ്രീം കോടതിയിൽ ചെന്നാലും നമുക്ക് നമ്മുടേതായ സ്റ്റാന്റ് അവിടെ ബോധ്യപ്പെടുത്താൻ സാധിക്കും. അതു കൊണ്ടാണ് നമ്മൾ ഈ നടപടികളെല്ലാം ചെയ്യുന്നത്. ഒരുകാര്യം പറയാം, ഏറ്റവും കൂടുതൽ ജസാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. പക്ഷേ നമ്മുടെ നാഷണൽ ആവറേജിനേക്കാൾ കൂടുതലാണ് ഇവിടത്തെ ഫോറസ്റ്റ്. നമ്മൾ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടാണ് ജനജീവിതത്തെ ബാധിക്കാത്ത വിധത്തിൽ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്ന് പറയുന്നത്. സുപ്രീംകോടതിയിലും ഗ്രീൻ ട്രിബ്യൂണലിലുമെല്ലാം സംസ്ഥാനത്തിന്റെ നിലപാട് ബോധ്യപ്പെടുത്താൻ സാധിക്കും. അതുകൊണ്ടാണ് ഗ്രൗണ്ട് റിയാലിറ്റി കണക്കിലെടുത്തുകൊണ്ടുള്ള ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി അതിന്റെ റിസൾട്ടോടുകൂടി കോടതിയിൽ പോകാൻ പോകുന്നത്. ഇക്കാര്യം കോടതിയെ ബോധ്യപ്പെടുത്തിക്കൊണ്ടായിരിക്കും നമ്മൾ മുന്നോട്ടു പോകുന്നത്. ആ കാര്യത്തിൽ ഈ സഭയുടെ എല്ലാവിധ പിന്തുണയും ഉണ്ടെ ന്നറിയാം. നമുക്ക് ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി നിന്നുകൊണ്ട് വാദിക്കാം. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ നമ്മൾ എതിർത്തു. പക്ഷേ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ ഇന്നും ന്യായീകരിക്കുന്നവരുണ്ടെന്ന കാര്യം ശ്രീ. കോടിയേരി ബാലകൃഷ്ണൻ മറന്നുപോകരുത്. ഇന്നും അത്

വേണമെന്ന് പറയുന്നവരുണ്ട്. പക്ഷേ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നമുക്ക് സ്വീകാര്യമല്ല. നമ്മളും കൂടി പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് കസ്തൂരി രംഗൻ റിപ്പോർട്ട് വന്നത്. കസ്തൂരി രംഗൻ റിപ്പോർട്ടിൽ കുറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. പക്ഷേ, അവിടെയും നമുക്ക് കാതലായിട്ടുള്ള മാറ്റങ്ങൾ ആവശ്യ മാണ്. അതിനുവേണ്ടിയാണ് നമ്മൾ ശ്രമിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ പ്രസ്താവന കേട്ടാൽ തോന്നും ഇവിടെ യാതൊരു കുഴപ്പവുമില്ല എല്ലാം സുര ക്ഷിതമാണെന്നാണ്. പക്ഷേ അങ്ങേയ്ക്ക് അറിയാം ഇതെല്ലാം കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ കയ്യിൽ നിന്നും പോയി കഴിഞ്ഞിരിക്കുന്നുവെന്ന്. സുപ്രീംകോടതിയുടെ സുപ്രധാനമായ വിധിയാണ് ഇന്നലെ വന്നിരിക്കുന്നത്. സുപ്രീംകോടതിയുടെ വിധി പരിഹരിക്കാൻ എന്താണ് വഴി. നിയമവും കാര്യങ്ങളുമെല്ലാം പരിശോധിക്കുമ്പോൾ ആളുകളെ കുടിയിറക്കിക്കഴിയും. ഒന്നും ചെയ്യാൻ കഴിയില്ല. ഒറ്റകാര്യമേയുള്ളൂ, കേരളത്തിലെ ജനങ്ങളെ ഒരേ അണിയിൽ നിരത്തിക്കൊണ്ട് സമരം ചെയ്യാൻ തയ്യാറുണ്ടോ? അതുമാത്രമെ നടക്കൂ. കോടതിക്ക് അതേ മനസ്സിലാകൂ.........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ ഗവൺമെന്റ് അധികാരത്തിലുണ്ടെങ്കിൽ ഒരാളെപോലും കുടിയിറക്കില്ല. അക്കാര്യത്തിൽ ഉറപ്പുതരാം. ഒരു കുടും ബത്തെപോലും കുടിയിറക്കില്ലായെന്ന് ഉറപ്പുതരാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലായെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അവിടെയിപ്പോൾ ഒരാളും പുതിയ ഭൂമി എടുക്കാൻ തയ്യാറല്ല. ആ പ്രദേശത്ത് ഒരു വികസന പ്രവർത്തന

ങ്ങളും നടക്കുന്നില്ല. നിങ്ങൾ ആരും പറയാതെ അവർ അവിടെനിന്ന് ഇറങ്ങി പോകും. കുടിയിറക്കാതെയുള്ള കുടിയിറക്കം അവിടെ നടക്കാൻ പോവുക യാണ്. നിങ്ങൾ കുടിയിറക്കുകയൊന്നും വേണ്ട. ആളുകൾ അവിടെ നിന്ന് പോകും. അതാണവിടെ സംഭവിക്കാൻ പോകുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അങ്ങനെയൊരു ഭീതിയുണ്ടാക്കാൻ നിങ്ങൾ ശ്രമിക്കാതിരുന്നാൽ മതി. അവിടെ കുടിയിറക്കപ്പെടുന്ന ഒരു സാഹചര്യവും ഉണ്ടാകില്ല. ഇതിന്റെ പേരിൽ അവിടെ താമസിക്കുന്ന ഒരു കുടുംബത്തിന് പോലും ഒരു അസൗകര്യവും ഉണ്ടാക്കാൻ ഗവൺമെന്റ് സമ്മതിക്കില്ല. ഇത് കേരളത്തിന് അവകാശം പറയാം. നമ്മൾ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടാണ് ഈ ആവശ്യം പറയുന്നത്. നമ്മൾ വനം നശിപ്പിക്കുകയല്ല, വനം സംരക്ഷിക്കുക യാണ്. ദേശീയ ആവറേജിനേക്കാൾ കൂടുതൽ വനം ഇവിടെയുണ്ട്. വന്യമൃഗ സംരക്ഷണത്തിൽ കേരളം ഏറ്റവും മുന്നിലാണ്. കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന വിധത്തിൽ ജനങ്ങൾക്ക് ദോഷകരമായിട്ടുള്ള ഒരുനടപടിയും ഉണ്ടാകാൻ പാടില്ലായെന്നുള്ളതാണ് ഇക്കാര്യത്തിൽ പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യത്തിൽ ഒരുമിച്ച് പ്രവർത്തിക്കാം. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വേണ്ടായെന്നും കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടിൽ മാറ്റ ങ്ങൾ വേണമെന്നുമുള്ള കാര്യത്തിൽ ഒരു വ്യത്യാസവും ഇല്ലാതെ നമുക്ക് പ്രവർത്തിക്കാം. ഒരു കുടുംബത്തിനുപോലും തടസ്സമില്ലാത്ത വിധത്തിൽ ഇതിന്റെ കാര്യങ്ങളുമായി മുന്നോട്ടുപോകുവാൻ സാധിക്കും. അക്കാര്യത്തിൽ ഗവണമെന്റിന് പൂർണ്ണ ആത്മവിശ്വാസമുണ്ട്. പ്രധാനമന്ത്രി ഇവിടെ വന്ന സമയത്തും എല്ലാ കാര്യങ്ങളും അദ്ദേഹവുമായി സംസാരിച്ചിരുന്നു. അദ്ദേഹ ത്തിന്റെ പൂർണ്ണ പിന്തുണ നമുക്ക് ലഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റുമുണ്ട്,

അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് പറഞ്ഞ കാര്യങ്ങൾ ഉൾകൊളളിച്ചുകൊണ്ടാണ് ഡിസംബർ 20–ാം തീയതിയിലുള്ള ഓഫീസ് മെമ്മോറാണ്ടം വന്നിരിക്കുന്നത്. ഇനിയും സംസ്ഥാന ഗവൺമെന്റിനോട് ചോദിച്ചിട്ടാണ് നോട്ടിഫിക്കേഷൻ വരാൻ പോകുന്നത്. ആ നോട്ടിഫിക്കേഷൻ കേരളത്തിന്റെ വികാരങ്ങൾ പൂർണ്ണമായും ഉൾകൊണ്ടിട്ടുള്ളതായിരിക്കുമെന്ന കാര്യത്തിൽ പൂർണ്ണ വിശ്വാസമുണ്ട്. അതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് കരുതുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സഭയെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി നടത്തുന്ന സംരംഭങ്ങളൊന്നുംതന്നെ വിലപോകില്ലായെന്നുള്ളതാണ് ഈ വിശദീകരണത്തിനുശേഷം മനസ്സിലാക്കുന്നത്. പരിസ്ഥിതി സംരക്ഷണം ആധുനിക ജീവിതത്തിൽ ഏറെ പ്രാധാന്യമുള്ള കാര്യമാണ്. ഭൂമിയുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിന് പരിസ്ഥിതി സംരക്ഷണം അനിവാര്യമാണ്. എന്നാൽ മനുഷ്യരെയും അവരുടെ ജീവിതത്തെയും കണക്കിലെടുക്കാതെയുള്ള പരിസ്ഥിതി സംരക്ഷണം വേണമോയെന്നുള്ളതാണ് പ്രശ്നം. ഇവിടെയാണ് കസ്തൂരി രംഗൻ റിപ്പോർട്ടും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സജീവ ചർച്ചയാകുന്നത്. നേരത്തെ ഗോവയിൽ അനധികൃത ക്വാറികളും മണൽവാരലും സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ഷാ കമ്മിറ്റിയുടെ ശുപാർശകളാണ് പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റി രൂപീ

കരിക്കാൻ ഇടയായത്. ശ്രീ. ജയറാം രമേഷ് കേന്ദ്ര പരിസ്ഥിതി മന്ത്രിയായിരിക്കുമ്പോഴാണ് ഗാഡ്ഗിൽ കമ്മിറ്റിയെ നിയോഗിക്കുന്നത്. ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ മണൽ മാഫിയയ്ക്കും ക്വാറി മാഫിയയ്ക്കും എതിരായിരുന്നു. ഈ സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ തിടുക്കത്തിൽ കസ്തൂരിരംഗൻ കമ്മിറ്റിയെ നിയോഗിക്കുന്നത്. എന്നാൽ കസ്തൂരിരംഗൻ പരിസ്ഥിതി മേഖലയുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞനല്ലായെന്ന് നമുക്കറിയാം. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ട് മലയോര മേഖലയിലെ കർഷകർക്ക് ഏറെ ഹാനികരമായ നിർദ്ദേശങ്ങൾ ഉൾകൊള്ളുന്നതാണ്. അതോടൊപ്പം ക്വാറി മാഫിയയ്ക്കും മണൽ വാരൽ മാഫിയയ്ക്കും സഹായകരവുമാണ്. അതുകൊണ്ടാണ് മലയോര മേഖലയിലെ കർഷക ജനത ഒന്നടങ്കം കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ രംഗത്തുവന്നിട്ടുള്ളത്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കള്ളക്കളി നടത്തുകയാണ്. കർഷക വിരുദ്ധ നിലപാടുകളാണ് അവർ സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാർ കസ്തൂരി രംഗൻ റിപ്പോർട്ട് അംഗീകരിക്കുകയും സംസ്ഥാന സർക്കാർ അത് ഏറ്റുപാടുകയും ചെയ്യുകയാണ്. എന്നിട്ട് അതിനെതിരെ ജനരോഷം ശക്തമായപ്പോൾ, റിപ്പോർട്ട് നടപ്പിലാക്കുന്നത് രണ്ട് മാസത്തേയ്ക്ക് നീട്ടിവയ്ക്കുകയാണെന്നാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പറയുന്നത്. ഇത് ജനങ്ങളെ കബളിപ്പിക്കുവാനുള്ള തന്ത്രം മാത്രമാണ്. രണ്ട് മാസം കഴിയുമ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പ്രഖ്യാപനം വരും. ആ സമയത്ത് സർക്കാരുകൾ ഉദ്ദേശിക്കുന്നതുപോലെ കാര്യങ്ങൾ ചെയ്യാൻ കഴിയും. ആധാർ കാർഡിന്റെ കാര്യത്തിലും ഇതുപോലെ രണ്ട് മാസ കാലാവധി പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്തത്. യഥാർത്ഥത്തിൽ ഈ രണ്ട് മാസത്തിനുള്ളിൽ കസ്തൂരിരംഗൻ

റിപ്പോർട്ടിലെ കർഷക വിരുദ്ധ നിലപാടുകൾ അവരുമായി ചർച്ച ചെയ്ത് പരിഹരിച്ചതിനുശേഷം നടപ്പാക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. എന്നാൽ അതിനുള്ള ആർജ്ജവമോ കർഷക സ്നേഹമോ ഉമ്മൻ ചാണ്ടി സർക്കാരിൽ നിന്ന് പ്രതീക്ഷിക്കാനാവില്ല.

സർക്കാരിന്റെ കർഷക വിരുദ്ധ നിലപാടിൽ പ്രതിഷേധിച്ച് മലയോര മേഖലയിലെ എൽ.ഡി.എഫ്-ന്റെ എം.എൽ.എ.-മാർ ഇന്ന് നിയമസഭാ കവാടത്തിനുമുമ്പിൽ സത്യാഗ്രഹം നടത്തുകയാണ്. ആ സത്യാഗ്രഹം ഞാൻ ഉത്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുന്നു. ആ നിലയിൽ ഗവൺമെന്റിന്റെ ഇതുസംബന്ധിച്ച വിശദീകരണങ്ങളെല്ലാം ജനങ്ങളെ പറ്റിക്കാനുള്ള അടവാണ്. അതിന് സുപ്രീംകോടതി തന്നെ വ്യക്തമായ തീരുമാനം എടുത്തിരിക്കുന്ന സാഹചര്യത്തിൽ ഞങ്ങൾ നിങ്ങളുടെ ഈ വിദണ്ഡവാദങ്ങളൊന്നും അംഗീകരിക്കാൻ കൂട്ടാക്കുന്നില്ല. എൽ.ഡി.എഫ്-ലെ മലയോര എം.എൽ.എ.-മാർ നിയമസഭയുടെ കവാടത്തിൽ നടത്താൻ പോകുന്ന സത്യാഗ്രഹത്തിൽ പങ്കാളികളാകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാനും എന്റെ കക്ഷികളും വാക്കൗട്ട് നടത്തുന്നു. (ബഹളം)........

മി. സ്പീക്കർ: ഈ ബഹളത്തിന്റെ കാര്യമൊന്നുമില്ല. പ്ലീസ്.....

(പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ ജനങ്ങളെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നമാണ് സഭയിൽ ഇന്ന് ചർച്ച ചെയ്തത്. അതീവ ഗുരുതരമായ വിഷയമാണ് ഞങ്ങൾ അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. ജനങ്ങളെ സംബന്ധിച്ച് യാതൊരു ഉത്കണ്ഠയുടെയും ആവശ്യമില്ലെന്നും സംസ്ഥാന ഗവൺമെന്റ് ചെയ്യാനുള്ള കാര്യങ്ങളെല്ലാം ചെയ്തുവെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമെല്ലാം ഇവിടെ വ്യക്തമാക്കി. ഇന്നലെ പുറപ്പെടുവിച്ച സുപ്രീംകോടതിയുടെ നിരീക്ഷണം സഭയുടെ ശ്രദ്ധയ്ക്കുവേണ്ടി ഞാൻ അവതരിപ്പിക്കുകയാണ്. പരിസ്ഥിതി അനുമതിക്കുള്ള അപേക്ഷകൾ സ്വതന്ത്രവും വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ പരിശോധിച്ച് തീർപ്പാക്കുന്നതിന് ദേശീയ റെഗുലേറ്ററെ നിയമിക്കാൻ കേന്ദ്ര സർക്കാരിന് സുപ്രീംകോടതി നിർദ്ദേശം. മാർച്ച് 31-നകം റെഗുലേറ്ററെ നിയമിച്ചും സാധിക്കുന്നിടത്തോളം സംസ്ഥാനങ്ങളിൽ ഓഫീസ് സ്ഥാപിച്ചും വിജ്ഞാപനമിറക്കണം. ഇത് സുപ്രീം കോടതിയുടെ വിധിയാണ്. പദ്ധതികൾ പരിസ്ഥിതിക്കുണ്ടാക്കുന്ന ആഘാതം വിലയിരുത്താൻ നിലവിലുള്ള സംവിധാനം തൃപ്തികരമല്ലെന്ന് വിലയിരുത്തിയാണ് ജഡ്ജിമാരായ എ.കെ. പട്നായിക്, എസ്.എസ്. നിജ്ജാർ, ഇബ്രാഹിം ഖലീഫുള്ള എന്നിവരുടെ ബെഞ്ചിന്റെ ഉത്തവ്. റെഗുലേറ്റർ ആവശ്യമില്ലെന്നും നിലവിലുള്ള സംവിധാനം പര്യാപ്തമാണെന്നുമുള്ള വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാട് കോടതി തള്ളിക്കളഞ്ഞു. എന്തിനാണ് ഇരുട്ട് കൊണ്ട് ഓട്ട അടയ്ക്കുന്നത്; നമ്മുടെ കൈവിട്ടുപോയി. നിങ്ങളുടെ പ്രധാനമന്ത്രിക്ക് ഇനി ഒരു കാര്യവുമില്ല. സുപ്രീംകോടതി വിധി പ്രഖ്യാപിച്ചു. നിലവിലുള്ള സിസ്റ്റം ഇൻഎഫിഷ്യന്റാണെന്ന് അവർ ഡിക്ലയർ ചെയ്തു.

നിയമം നന്നായി അറിയാവുന്ന മാണി സാറും കൂടി ഇത് കേൾക്കുന്നുണ്ടല്ലോ. സുപ്രീം കോടതിയുടെ വിധിയെ ഏത് തരത്തിലാണ് നിങ്ങൾ നേരിടാൻ പോകുന്നത്. ജനകീയ പ്രക്ഷോഭണമല്ലാതെ വേറൊരു വഴിയുമില്ല; ഒരു നിയമവുമില്ല. വേണമെങ്കിൽ കോടതിക്ക് ഒരു അപ്പീൽ കൊടുക്കാം. ജാഥ നടത്തിയാൽ മോശമാണോ? യാതൊരു കുഴപ്പവുമില്ല. ജാഥകൾ നടത്തിയാണ് ഞങ്ങളിവിടെവരെ എത്തിയത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കോടതി വിധി മറികടക്കാനുള്ള മാർഗ്ഗം പൊതുജന സമരങ്ങളാണോ?

ശ്രീ. സി. ദിവാകരൻ: സർ, പല മാർഗ്ഗങ്ങളിൽ ഒന്ന് ബഹുജന സമരങ്ങളാണ്. കോടതി എന്നുപറയുന്നത് ദൈവം തമ്പുരാൻ അല്ല. ജനങ്ങളിൽ നിന്നാണ് കോടതിയുണ്ടാകുന്നത്. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളുടെ വികാരം മാനിക്കാനാണ് കോടതി. ശ്രീ. കെ. സി. ജോസഫ് ഏത് കാലത്തിലാണ് ജീവിക്കുന്നത്. ജനങ്ങളുടെ വികാരം മാനിക്കാത്ത കോടതി ഒരുകാലത്തും ഒരിടത്തും നിൽക്കുകയില്ല. കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളെ മുക്കികൊല്ലാനാണോ സുപ്രീംകോടതിയുടെ വിധി. സുപ്രീംകോടതിക്ക് അറിയുമോ. നിങ്ങൾ വാദിച്ചോ? രണ്ട് കൊല്ലമായിട്ടും കോടതിയുടെ നിരീക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റ് കോടതിയെ സമീപിച്ചില്ല. രണ്ട് വർഷം കാലാവധി കൊടുത്തു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ആ വിധിയിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് കോടതി തള്ളിക്കളഞ്ഞു എന്ന് ഉണ്ടായിരുന്നു.

ശ്രീ. സി. ദിവാകരൻ: സർ, അതേ. കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് കോടതി തള്ളിക്കളഞ്ഞു. ഇനി എന്താണ് വഴി? അതാണ് ഞങ്ങൾ ചോദിക്കുന്നത്. ഞങ്ങൾ സമരം ചെയ്യാൻ പോകുന്നതിനെ നിങ്ങൾ ആക്ഷേപിക്കുന്നു. അത് പരമകഷ്ടമാണ്. രാഷ്ട്രീയാധികാരം കിട്ടിയെന്നു പറഞ്ഞ് പ്രതിപക്ഷത്തിന്റെ നിലപാടിനെയെല്ലാം പുച്ഛിച്ചുതള്ളരുത്. ഞങ്ങളിവിടെ സമരം പ്രഖ്യാപിച്ചത് എന്തോ മഹാപാപം പോലെയാണ്. ഇതുപോലൊരു മഹാപാപം ഇനി ലോകത്ത് ഉണ്ടാകാനില്ലയെന്ന നിലപാടാണ് ശ്രീ. സി.പി. മുഹമ്മദിന്. ഞങ്ങൾ സമരം ഇവിടെയും പ്രഖ്യാപിക്കും; എവിടെയും പ്രഖ്യാപിക്കും. ആരുടെയും അനുവാദം ആവശ്യമില്ല. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ കേരളത്തിലെ ജനങ്ങളോട് എന്തെങ്കിലും പ്രതിബദ്ധതയുണ്ടെങ്കിൽ ഈ പ്രക്ഷോഭണത്തിൽ നമുക്ക് യോജിച്ച് പോകാം. പ്രമേയം പാസ്സാക്കിയാൽ മതിയോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ശാസ്ത്ര പരിഷത്തിന്റെ കാര്യങ്ങളൊക്കെ പറഞ്ഞു. ഈ നിയമസഭയിൽ ഞങ്ങളെല്ലാവരും കൂടി ഒരു പ്രമേയം പാസ്സാക്കിയില്ലേ. ആ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ എന്ത് നടപടി എടുത്തു? പ്രമേയം പാസ്സാക്കി പിരിഞ്ഞതല്ലാതെ ആ പ്രമേയത്തിന്റെ ഫോളോ-അപ് ആക്ഷൻ എന്താണെന്ന് നിങ്ങൾക്ക് ഇവിടെ പറയാമോ? വെറുതെ പ്രമേയം പാസ്സാക്കാൻ ഞങ്ങളുംകൂടി അനുവാദം തന്നു. അത് ഗുരുതരമായ പ്രശ്നമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....പ്ലീസ്.....കൺക്ലൂഡ്..... അഞ്ച് മിനിട്ടിൽ കൂടുതലായി.

ശ്രീ. സി. ദിവാകരൻ: സർ, നമ്മുടെ മണ്ഡലങ്ങളിലൊന്നും ബാധിക്കുകയില്ലായിരിക്കാം. കേരളത്തിന്റെ ചില ഭാഗങ്ങളിൽ ബാധിക്കാൻ

പോകുകയാണ്. പിന്നെ അങ്ങ് കുടിയിറക്കില്ലെന്നൊക്കെ പറഞ്ഞു. കുടിയിറക്കുന്ന കാലമൊക്കെ കഴിഞ്ഞുപോയി. ഇനി ആരെയും കുടിയിറക്കാനൊന്നും കഴിയുകയില്ല. കുടിയിറക്കിയാൽ എന്ത് സംഭവിക്കുമെന്നും കേരളത്തിൽ എന്താണ് നടക്കാൻ പോകുന്നതെന്നും കോഴിക്കോട് പുരോഹിതൻ പറഞ്ഞിട്ടുണ്ട്. ഞങ്ങൾ അത് പറയുന്നില്ല. അതുകൊണ്ട് ഭരണ കക്ഷിയിലെ എല്ലാ എം.എൽ.എ.മാരും ഞങ്ങൾ അനുഷ്ഠിക്കുന്ന ഈ സത്യാഗ്രഹത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് ചെയ്യുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു. റ്റി. തോമസ്: സർ, എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഒരു റഗുലേറ്ററെ രണ്ട് മാസനത്തികം നിയമിക്കണമെന്ന് സുപ്രീം കോടതി ഇന്നലെ വിധി പറഞ്ഞതോടുകൂടി ഇക്കാര്യത്തിലുള്ള ജനപ്രതിനിധികളുടെ ഇടപെടലിന് വലിയ പരിമിതി ഉണ്ടായിരിക്കുകയാണ്. കേരള നിയമസഭ മാത്രമല്ല കേരള ഗവൺമെന്റും കേന്ദ്രത്തിലെ പാർലമെന്റും കേന്ദ്രമന്ത്രിസഭപോലും ഇടപെടാൻ കഴിയാത്ത ഒരു സ്വതന്ത്ര ഏജൻസിയായി റഗുലേറ്ററി പ്രവർത്തിക്കണമെന്നാണ് സുപ്രീംകോടതി ഇന്നലെ ഇട്ടിരിക്കുന്ന ഉത്തരവ്. ഇത്തത്തെ അവസ്ഥ, വണ്ടി പോയതിനുശേഷം കൈകാണിക്കുന്ന ഒരവസ്ഥയിൽ നാം എത്തി നിൽക്കുകയാണ്. ഈ ഒരവസ്ഥ എത്തുന്നതിനു മുമ്പ് ഫലപ്രദമായ ഒരു ഇടപെടൽ ഈ സംസ്ഥാനത്ത് ഗവൺമെന്റ്

തലത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ് അങ്ങേയറ്റം പ്രതിഷേധാർഹമായ വിഷയം. പശ്ചിമഘട്ട സംരക്ഷണത്തിന് ഈ സംസ്ഥാനത്തെ പ്രതിപക്ഷം എതിരല്ല. പരിസ്ഥിതി സംരക്ഷണം എന്നത് ഇന്നത്തെ ഒരാവശ്യമായി നാളത്തെ നിലനിൽപ്പിന്റെ അടിയന്തിരാവശ്യമായി കാണുന്ന ഒരു സമീപനം തന്നെയാണ് നമുക്കെല്ലാവർക്കുമുള്ളത്. പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നത് തടയിടാൻ ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. പക്ഷേ ജനവാസകേന്ദ്രങ്ങളിൽ കുടിയേറ്റ കർഷകർ അടക്കമുള്ള ആളുകൾ ദീർഘനാളുകളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഹനിച്ചുകൊണ്ട് അവരുടെ കാർഷികവൃത്തിയെ പരിമിതപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഏതു വ്യവസ്ഥയും നമുക്ക് അംഗീകരിക്കാൻ കഴിയില്ല. ഇവിടെ 123 വില്ലേജുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമാണ് ചോദ്യം ചെയ്യപ്പെടുന്നത്. പ്രധാനപ്പെട്ട വനപ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് ജനവാസകേന്ദ്രങ്ങളെ പരിസ്ഥിതി ലോലപ്രദേശങ്ങളായി പ്രഖ്യാപിക്കുന്ന ഗാഡ്ഗിൽ കമ്മീഷനാണെങ്കിലും കസ്തൂരിരംഗൻ റിപ്പോർട്ടാണെങ്കിലും അതിലുള്ള കർഷക വിരുദ്ധ ശുപാർശകൾ തള്ളിക്കളയാനുള്ള ആർജ്ജവം കേന്ദ്ര ഗവൺമെന്റ് നേരത്തേ കാട്ടേണ്ടിയിരുന്നു. അതിനാവശ്യമായ സമ്മർദ്ദം നമ്മുടെ സംസ്ഥാനഗവൺമെന്റ് വരുത്തേണ്ടിയിരുന്നു. ആ മേഖലയിലെ ജനങ്ങൾ അത്യന്തമായ ആശങ്കയിലാണ്, ആകുലതയിലാണ് എന്ന വസ്തുത ഇവിടെ തമസ്കരിക്കാൻ പാടില്ല.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ശ്രീ. കോടിയേരി ബാലകൃഷ്ണനും, ശ്രീ. മാത്യു റ്റി. തോമസും ഇതുമായി ബന്ധപ്പെട്ട് നേരത്തെ സംസാരിച്ച അംഗങ്ങൾ ഉൾപ്പെടെയുള്ളവർ സുപ്രീം കോടതി വിധി വന്നതോടുകൂടി പ്രസ്തുത റിപ്പോർട്ടുകൾ അപ്രസക്തമായിയെന്നും ഇക്കാര്യത്തിൽ ഇനിയൊരു തീരുമാനമെടുക്കേണ്ടത് റെഗുലേറ്ററി കമ്മീഷനാണെന്നുമാണ് ഇവിടെ പറഞ്ഞത്. അങ്ങനെയാണെങ്കിൽ മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്, കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് എന്നിവ ഇപ്പോൾ നിലവിലുണ്ടോ; രണ്ടും പോയില്ലേ. എൺവയോൺമെന്റ് ആക്ട് അനുസരിച്ച് ഒരു റെഗുലേറ്ററി കമ്മീഷനെ ഗവൺമെന്റ് ഇവിടെ നിയമിക്കണം. സുപ്രീം കോടതിയല്ല, സുപ്രീം കോടതി പറഞ്ഞാലും ഗവൺമെന്റ് നിയമിക്കണം. അതിനൊരു ലെജിസ്ലേഷൻ വേണം. അതനുസരിച്ച് പ്രവർത്തിക്കണമെങ്കിൽ അവർക്ക് അതിനുള്ള അധികാരം ഗവൺമെന്റ് കൊടുക്കണം. കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടും മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും നിലവിലില്ലാത്ത സ്ഥിതിക്ക് ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. മാത്യു റ്റി. തോമസ്: എൺവയോൺമെന്റൽ പ്രൊട്ടക്ഷൻ ഒരു റെഗുലേറ്ററി കമ്മീഷനെ നിയമിക്കണമെന്ന് സുപ്രീം കോടതി പറയുന്നതോടുകൂടി കസ്തൂരി രംഗൻ റിപ്പോർട്ടും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും ഇല്ലാതായി എന്നെനിക്ക് വിശ്വാസമില്ല. ഇത്തരം പരിസ്ഥിതി അനുമതിക്കുള്ള അന്തിമമായ തീരുമാനമെടുക്കാനുള്ള അധികാരം ഈ റെഗുലേറ്ററി അതോറിറ്റിക്കായിരിക്കും. പക്ഷേ, ഈ റിപ്പോർട്ടുകൾ ആ റെഗുലേറ്ററി കമ്മിറ്റി പരിശോധിച്ചുകൊണ്ടേയിരിക്കും.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: എൺവയോൺമെന്റ് ആക്ട് അനുസരിച്ചുള്ള അധികാരമല്ലാതെ ഒരു കമ്മിറ്റിക്ക് വേറെ അധികാരം കൊടുക്കണമെങ്കിൽ ഒരു ലെജിസ്ലേഷൻ വേണ്ടേ.

<u>ശ്രീ. മാത്യൂ ടി തോമസ്</u>: അക്കാര്യം സമ്മതിച്ചു. അങ്ങനെയാണെങ്കിൽ സുപ്രീം കോടതി വിധി വന്നതോടുകൂടി ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെയും കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിലെയും ശുപാർശകളും ഇല്ലാതായോ? അത് ഇല്ലാതാകുന്നില്ല. ഒരു റെഗുലേറ്ററി കമ്മീഷനാണ് ഇനിമുതൽ കാര്യങ്ങൾ തീരുമാനിക്കുന്നതെന്ന ഒരു അവസ്ഥ വന്നിരിക്കുന്നു. ഇത്തരമൊരു സുപ്രീം കോടതി വിധി വന്നാൽ തന്നെ ആ വിധിയിലെ ജനവിരുദ്ധമായ മാനങ്ങൾ കണ്ടെത്തി അത് മറികടക്കാനുള്ള നിയമപരമായ നടപടികൾ ആലോചിക്കണം. സുപ്രീം കോടതി വിധികൾ ഏതെല്ലാം വിധത്തിൽ മറികടന്നിട്ടുണ്ട്. ഹൈക്കോടതി വിധികളെ സംസ്ഥാന ഗവൺമെന്റുകൾ മറികടക്കുന്നില്ലേ. ഇത്തരം ഗൗരവമായ വിഷയങ്ങളിൽ ഒരു നിസ്സംഗത ഗവൺമെന്റ് കാണിക്കാൻ പാടില്ല. നിയമസഭയിൽ ഈ വിഷയം ചർച്ചചെയ്താൽ എന്ത് അപകടമാണ് ഉണ്ടാകാൻ പോകുന്നതെന്നാണ് ഞങ്ങൾ ചോദിക്കുന്നത്. അതിന് കാരണമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ടെത്തിയിരിക്കുന്നത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ റൂൾ 130 പ്രകാരം നോട്ടീസ് കൊടുത്തിരിക്കുന്നത് കൊണ്ടാണെന്നാണ്. റൂൾ 130 പ്രകാരം കൊടുത്തിരിക്കുന്ന നോട്ടീസിനെ അംഗീകരിച്ചിട്ടില്ലല്ലോ; അഡ്മിറ്റ് ചെയ്തിട്ടില്ലല്ലോ. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ മിനിറ്റ്സിൽ ഇത് ഉൾക്കൊള്ളിച്ചതായി രേഖയില്ലല്ലോ. 24–ാം തീയതി വരെയുള്ള ബിസിനസ്സ് തീരുമാനിച്ചിട്ടുണ്ടല്ലോ; അതിൽ റൂൾ 130 പ്രകാരമുള്ള ചർച്ച ഉൾപ്പെടുത്തിയിട്ടില്ലല്ലോ? അപ്പോൾ ഇതിൽ

നിന്നൊരു ഒളിച്ചോട്ടത്തിനുവേണ്ടിയാണ് ഇന്ന് അടിയന്തരപ്രമേയ ചർച്ച അനുവദിക്കാതെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊടുത്ത നോട്ടീസിന്റെ കാരണം പറയുന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾ ഈ സമിതിയിൽ ചർച്ച ചെയ്യുവാൻ ഗവൺമെന്റ് തയ്യാറാകേണ്ടിയിരുന്നു. അതിൽ വൈമുഖ്യം കാണിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യൂ ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.

ശ്രീ. എ. എ. അസീസ്: സർ, മലയോര കർഷകരെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ട വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇവിടെ എന്തുതന്നെ പറഞ്ഞാലും അവർ വലിയ ആശങ്കയിലാണ്. മലയോര കർഷകർക്ക് ക്രയവിക്രയം നടത്തുവാൻ സാധിക്കുന്നില്ല. അവരുടെ ദൈനംദിന ജീവിതം വഴിമുട്ടുന്ന തരത്തിലുള്ള സമീപനങ്ങളാണ് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആ മേഖല സന്ദർശിക്കുന്നവർക്കുമാത്രമേ അത് ശരിക്കും മനസ്സിലാവുകയുള്ളൂ. ഇവിടത്തെ മലയോര കർഷകർക്ക് യാതൊരു പ്രതിസന്ധിയുമില്ല അവരെയൊക്കെ സംരക്ഷിക്കുമെന്ന് പറയുമ്പോൾ അവിടെ എന്താണ് സംഭവിക്കുന്നതെന്ന് മലയോരമേഖല സന്ദർശിച്ചാൽ മാത്രമേ മനസ്സിലാവുകയുള്ളൂ. ഇവിടെ മലയോര കർഷകരെ സംരക്ഷിക്കുമെന്നും കസ്തൂരി രംഗൻ റിപ്പോർട്ട് വന്നതിനുശേഷം ആശങ്കയ്ക്ക് വകയില്ലെന്നും അത് തിരുത്തുമെന്ന് പ്രഖ്യാപിക്കുകയും അതിനുവേണ്ടിയൊരു കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റിയുടെ പഠനം ആരംഭിച്ചഘട്ടത്തിലാണ് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി അവിടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. ശ്രീമതി ജയന്തി നടരാജനായിരുന്നു കേന്ദ്ര വനം- പരി

സ്ഥിതി വകുപ്പുമന്ത്രി. ഈ ഗവൺമെന്റ് മലയോര കർഷകരെ സംരക്ഷിക്കുമെന്നും യാതൊന്നും സംഭവിക്കുകയില്ലെന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വാഗ്ദാനങ്ങൾ ചൊരിയുമ്പോൾ തന്നെയാണ് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. അതുതന്നെയാണ് ഇപ്പോഴും സംഭവിച്ചിരിക്കുന്നത്. ഇതിന്മേൽ യഥാസമയം കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകൾക്ക് ഇടപെടാൻ സാധിച്ചില്ല. സംസ്ഥാനത്തെ പ്രതിനിധീകരിച്ച് എട്ട് പേർ കേന്ദ്രമന്ത്രിമാരായിട്ടുണ്ടോ. അവിടെ അവർക്ക് എന്ത് പണിയാണുള്ളത്; സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാമായിരുന്നല്ലോ; അവർക്കുമൊരു പണി വേണ്ടേ? കേന്ദ്ര മന്ത്രിമാരെ സമീപിച്ച് അവരിലൂടെയെങ്കിലും ശ്രീമതി ജയന്തി നടരാജൻ ആദ്യമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുമുമ്പ് അങ്ങനെ ചെയ്യരുതെന്ന് പറയാനും ഇതിലൊരു തിരുത്തൽ വരുത്താനും കഴിയുമായിരുന്നില്ലേ? ഇനിയെങ്കിലും ശ്രമിച്ചാൽ നടക്കുന്ന കാര്യമാണ്. കോടതിയുടെ നിഗമനത്തിനുവിടാതെ, യഥാർത്ഥത്തിൽ കോടതി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ കുറ്റം പറയുന്നൊരു സാഹചര്യത്തിൽ എത്തുകയല്ലേ ചെയ്തിരിക്കുന്നത്. ഈ അടിയന്തരപ്രമേയം ഇവിടെ ചർച്ചചെയ്യേണ്ടതായിരുന്നു. ഭരണകക്ഷിയംഗങ്ങളുടെ മുഖം രക്ഷിക്കാൻ വേണ്ടിയെങ്കിലും ഈ അടിയന്തരപ്രമേയം ഇവിടെ ചർച്ച ചെയ്യേണ്ടതായിരുന്നു. അതിനുതയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. യഥാർത്ഥത്തിൽ ചെയ്യേണ്ടത് ഇന്ന് മലയോര മേഖലയിൽ നിന്നും വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി എം.എൽ.എ.മാർ ഈ സഭാകവാടത്തിൽ സത്യാഗ്രഹമിരിക്കുകയാണ്. മലയോരമേഖലയിൽ നിന്നു വന്ന യു.ഡി.എഫ്. എം.എൽ.എ.മാർ അതിൽ സഹകരിക്കേണ്ടതാണ്. അന്തസ്സുണ്ടെങ്കിൽ ആ സത്യാഗ്രഹത്തിൽ അവർകൂടി പങ്കെടുക്കണം. അങ്ങനെ

പങ്കെടുത്തുകൊണ്ട് മലയോര കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായിക്കുകയും സഹകരിക്കുകയും ചെയ്യണമെന്നുമാത്രമാണ് പറയാനുള്ളത്. ഈ അടിയന്തരപ്രമേയ വിഷയം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, കേരളത്തിലെ മലയോര പ്രദേശങ്ങളിലെ ദശലക്ഷക്കണക്കിന് ആളുകൾ കഴിഞ്ഞ കുറേ ആഴ്ചകളായി ജീവിതത്തിനും മരണത്തിനുമിടയിലുള്ള നൂൽപ്പാലത്തിൽ നിൽക്കുകയാണ്. അവർ ന്യായമായി പ്രതീക്ഷിക്കുന്നത് കേരള നിയമസഭ ആ പ്രശ്നം ചർച്ച ചെയ്ത് അവർക്കെല്ലാം സ്വീകാര്യമായ ഒരു പൊതു ധാരണയിൽ എത്തുമെന്നായിരുന്നു. ആ പ്രതീക്ഷകളെയാണ് ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടുമൂലം ഇല്ലാതാക്കിയിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും പറഞ്ഞതുപോലെയാണെങ്കിൽ ഇവിടെ മലയോരത്തുനിന്ന് വന്ന യു.ഡി.എഫ്. എം.എൽ.എ. മാരുണ്ട്. ഇതിന്മേൽ ഇനിയൊരാശങ്കയുമില്ലെന്ന് ശ്രീ. സണ്ണി ജോസഫിനോ ശ്രീ. സി. മോയിൻകുട്ടിക്കോ ശ്രീ. പി. സി. ജോർജിനോ പറയാൻ കഴിയുമോ? എല്ലാ ആശങ്കകളും അവസാനിച്ചോയെന്ന് അവർക്കുപോലും അംഗീകരിക്കാൻ കഴിയാത്തൊരു സാഹചര്യമാണുള്ളത്. കേരളത്തിലെ ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റാണ് ഇവിടെയുള്ളതെങ്കിൽ ആ പ്രശ്നത്തിന്മേൽ സാങ്കേതികത്വം പറഞ്ഞ് ഒളിച്ചോടുന്നതിനുപകരം ചർച്ച ചെയ്യുകയായിരുന്നു വേണ്ടിയിരുന്നത്. ജനങ്ങളോട് വെല്ലുവിളിച്ചുകൊണ്ടുള്ള ഈ

നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ടു പുറത്തുപോയി.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭയിൽ നിന്നും പുറത്തു പോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി)

(ശ്രദ്ധക്ഷണിക്കൽ)